അവർ ഇന്നും ജീവിക്കുന്നു

ഗ്രന്ഥകർത്താ

അംശി ചി. ശ്രീധരൻനായർ ബി. എ.

Approved for School Libraries—Vide D. P. I's order No. L Dis 18236/56/ A 18 dated 24-10-1956

വിദ്യോദയപ്രസിദ്ധീകരണം

സ്റ്റാൻഡേർഡ് VII പുസ്തകം 1



1631

അവർ ഇന്നും ജീവിക്കുന്നു

[ലഘുജീവചരിത്രങ്ങൾ]

SUKAVINOD ISLAM HIGH
377
ERNAKULAM.

★

അംശി, പി. ശ്രീധരൻ നായർ ബി. എ.

★

വിദ്യോദയ പ്രസിദ്ധീകരണങ്ങൾ

തിരുവനന്തപുരം

വില 12 അണ

Avar Innum Jeevikkunnu

[Short Biographies]

★

Amsi P. Sridharan Nair B. A.

★

First Impression : June 1956
Second Impression : November 1956

★

Publishers

VIDYODAYA PUBLICATIONS

CARMEL ROAD, : VAZHUTHACAUD

TRIVANDRUM.

Price As. 12 .

വിദ്യോദയ പ്രസിദ്ധീകരണങ്ങൾ

സ്റ്റാൻഡാർഡ് VI

(1) വേലുത്തമ്പിദളവാ .... [വീരചരിതം]
(2) മടിയനായ പുത്രൻ ... ... [ലഘുനാടകം]
(3) ചിത ... ... [സംഭാഷണഗാനം]
(4) വിമാനത്തിന്റെ കഥ .... [ശാസ്ത്രം]
(5) ധർമ്മരശ്മി... .... [ജീവചരിത്രം]

സ്റ്റാൻഡാർഡ് VII

(1) ശ്രീനാരായണഗുരു .... [ജീവചരിത്രം]
(2) റേഡിയോ .... [ശാസ്ത്രം]
(3) സഹപാഠികൾ .... [ഗാനനാടകം]
(4) അവർ ഇന്നും ജീവിക്കുന്നു .... [ജീവചരിത്രസമാഹാരം]
(5) നമ്മുടെ ആഘോഷങ്ങൾ ... [സാമൂഹ്യചരിത്രം]

സ്റ്റാൻഡാർഡ് VIII

(1) ആകാശജേതാക്കൾ ... [സഞ്ചാരപരീക്ഷണങ്ങൾ]
(2) സിനിമാ ... ... [ശാസ്ത്രം]
(3) ജ്ഞാനപ്പാന .... [ഹിതോപദേശം]
(4) തിലോത്തമ (ഒന്നാംഭാഗം)
[ഭാരതീയായികാസംഗ്രഹം]
(5) തിലോത്തമ (രണ്ടാംഭാഗം)
[ഭാരതീയായികാസംഗ്രഹം]

സ്റ്റാൻഡാർഡ് IX

(1) ബാപ്പൂജി ... ... [ജീവചരിത്രം]
(2) ശരീരമാദ്യം .... [ശരീരശാസ്ത്രം]
(3) ബിന്ദുക്കൾ ... . [ലോകസമാഹാരം]
(4) ഇന്ത്യയുടെ നാട്ട് (ഒന്നാംഭാഗം) [രാജ്യചരിത്രം]
(5) ഇന്ത്യയുടെ നാട്ട് (രണ്ടാംഭാഗം) [രാജ്യചരിത്രം]

സ്റ്റാൻഡാർഡ് X

(1) ചെങ്കോലും മയൂരിയും .... [നാടകം]
(2) സന്യാസിനിജീവിതം .... [ജീവചരിത്രം]
(3) ഭാവദർപ്പണം ... ... [കവിതാസമാഹാരം]
(4) ഇരുട്ടും വെളിച്ചവും (ഒന്നാംഭാഗം)
[പാശ്ചാത്യനോവൽസംഗ്രഹം]
(5) ഇരുട്ടും വെളിച്ചവും (രണ്ടാംഭാഗം)
[പാശ്ചാത്യനോവൽസംഗ്രഹം]

സ്റ്റാൻഡാർഡ് XI

(1) മൗലികാവകാശങ്ങൾ ... [രാഷ്ട്രീയകാര്യം]
(2) സ്ത്രീപരിത്യാഗം .... [കവിതാസംഗ്രഹം]
(3) കൈരളിയുടെ കഥ-ഒന്നാംഭാഗം
(4) കൈരളിയുടെ കഥ-രണ്ടാംഭാഗം } [സാഹിത്യചരിത്രം]
(5) കൈരളിയുടെ കഥ-മൂന്നാംഭാഗം

ഈ ഗ്രന്ഥപരമ്പരയെപ്പറ്റി

അപ്പർ പ്രൈമറി സ്കൂളിലേയും സെക്കൻഡറി സ്കൂളിലേയും വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് ഞങ്ങൾ ഈ ഗ്രന്ഥപരമ്പര തയാറാക്കിയിട്ടുള്ളത്. ഓരോ ക്ലാസ്സിലേയും മാതൃഭാഷാധ്യയനത്തിനു നിർദ്ദേശിച്ചിട്ടുള്ള പുസ്തകങ്ങളിൽ കൂടികൂടി പരിചയിക്കുന്ന പദങ്ങളേയും പ്രയോഗങ്ങളേയും ശൈലികളേയും അവരുടെ മനസ്സിൽ കൂടുതൽ ദൃഢമായി പ്രതിഷ്ഠിക്കുന്നതിനും ബഹുമുഖമായ വിജ്ഞാനം അവർക്ക് നൽകുന്നതിനും ഉപകരിക്കത്തക്കവിധം ഈ ഗ്രന്ഥങ്ങളിലെ പ്രതിപാദ്യങ്ങളും പ്രതിപാദനരീതിയും ക്രമപ്പെടുത്തി സംവിധാനം ചെയ്തിട്ടുണ്ട്. ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികളുടെ മാനസികവും ഭാഷാവിജ്ഞാനപരവുമായ നിലവാരത്തിനൊപ്പിച്ചാണ് അതാതു ക്ലാസ്സിലേയ്ക്ക് പുസ്തകങ്ങൾ നിമ്മിച്ചിട്ടുള്ളത്. മുൻക്ലാസ്സുകളിലെ പുസ്തകങ്ങളിലുള്ള പദങ്ങളും രചനാശൈലികളും വേണ്ടിടത്തോളം അടുത്ത ക്ലാസ്സുകളിലേ ഗ്രന്ഥങ്ങളിൽ ആവർത്തിക്കുക, ഓരോ ക്ലാസ്സിലുമുള്ള വിദ്യാർത്ഥികൾക്ക് പുതിയ വാക്കുകളും വ്യത്യസ്തശൈലികളും മനസ്സിലാക്കാൻ അവസരം നൽകുക, മലയാള സാഹിത്യത്തിലെ സുപ്രധാനവും മനോഹരവുമായ കവിതകളോടും അവയുടെ കർത്താക്കന്മാരോടും സമ്പർക്കം പുലർത്താൻ കുട്ടികളെ സഹായിക്കുക, ഗദ്യനാടകം, ഗദ്യനാടകം, ഒറ്റയാൾനാടകം, ഭാഷാഗാനം, ജീവചരിത്രം, ദേശചരിത്രം, നോവൽ, സഞ്ചാരകഥ, ശാസ്ത്രം, സാമാന്യവിജ്ഞാനം, തുടങ്ങിയ വിവിധവിഷയങ്ങളിൽ ബാലികാബാലന്മാർക്ക് കൗതുകം ഉളവാക്കുക, എന്നിവയാണ് ഈ ഗ്രന്ഥപരമ്പരയുടെ മുഖ്യലക്ഷ്യങ്ങൾ. ഇക്കാര്യത്തിൽ ഞങ്ങൾ എത്രമാത്രം വിജയിച്ചിട്ടുണ്ടെന്നു നിശ്ചയിക്കേണ്ടതു് ഇന്നാട്ടിലെ അധ്യാപകസുഹൃത്തുക്കളും വിദ്യാഭ്യാസ വിചക്ഷണന്മാരുമാണ്.

പ്രസാധകർ { അംശി പി. ശ്രീധരൻനായർ
എൻ. കൃഷ്ണപിള്ള
വി. ആനന്ദക്കുട്ടൻനായർ

ഈ ഗ്രന്ഥത്തെപ്പറ്റി

വിദ്യാർത്ഥികളിൽ സ്വഭാവസംസ്കാരവും ആദർശനിഷ്ഠയും ഉറയ്ക്കുന്നതിനു്, മഹാത്മാക്കളുടെ ജീവിതകഥ പഠിക്കുകയാണല്ലോ ഉത്തമമാർഗ്ഗം. അതിലേയ്ക്കു പ്രയോജനപ്പെടുന്നാലു വിശിഷ്ടവ്യക്തികളുടെ ജീവിതകഥകളാണു് ഈ ലഘുഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നതു്. 'ലീഗ് ആഫ് നേഷൻസി'ന്റെ സ്ഥാപകനായ അമേരിക്കൻ പ്രസിഡൻറ് വുഡ്രോവിൽസൺ, റഗ്ബീസ്കൂളിലെ മാതൃകാഹെഡ്മാസ്റ്ററെന്ന നിലയിൽ വിശ്വവിഖ്യാതനായ ഡാക്ടർ ആർനാൾഡ്, ലോഹങ്ങളിൽ പോലും ജീവശക്തിയുണ്ടെന്നു് പരീക്ഷണങ്ങൾ മൂലം തെളിയിച്ച പ്രശസ്ത ഭാരതീയ ശാസ്ത്രജ്ഞനായ ജഗദീശചന്ദ്രബോസു്, നിസ്സഹായരായ കുഷ്ഠരോഗികളുടെ ശുശ്രൂഷയ്ക്കായി ജീവിതം അർപ്പിച്ച ഫാദർ ഡാമിയൻ എന്നീ മഹാന്മാരുടെ ജീവിതകഥകൾ വിദ്യാർത്ഥികൾക്കു ഉത്തമാദർശങ്ങളായി ഭവിക്കുമെന്നു പ്രതീക്ഷിക്കുന്നു.

(*All Rights Reserved.*)

അദ്ധ്യായം 1

തോമസ് വുഡ്രോ വിൽസൺ

ക്രിസ്തുവർഷം 1870-ൽ, അമേരിക്കയിൽ വടക്കേ കെറോലിനാ എന്ന സ്ഥലത്തുള്ള ഡേവിഡ്സൺകാളേജിൽ, പതിന്നാലു വയസ്സുപ്രായക്കാരനായ ഒരു ബാലൻ ചെന്നുചേർന്നു. അനന്തരകാലത്തു് ലോക [1] വിഖ്യാതന്മാരായ അപൂർവം ചില [2] ഭരണധുരന്ധരന്മാരിൽ ഒരാളായി [3] വികാസം പ്രാപിക്കുവാൻ ഭാഗ്യം അനുഗ്രഹിച്ച

---

1 വിഖ്യാതന്മാർ = കീർത്തികേട്ടവർ
2 ഭരണധുരന്ധന്മാർ = രാജ്യഭൂമതല വഹിക്കുന്നവർ
3 വികാസം = വളർച്ച

ഈ ബാലരത്നത്തിന്റെ [1] നാമധേയം തോമസ് വുഡ് റോവിൽസൺ എന്നായിരുന്നു. ക്രൈസ്തവ ദേവാലയങ്ങളിലൊന്നിൽ ഒരു ഉപപുരോഹിതന്റെ പുത്രനായ ഈ കുട്ടി വിദ്യാശാലയിൽ പഠിത്തത്തിനും ബാലസാധാരണങ്ങളായ വിനോദവ്യാപാരങ്ങൾക്കും അത്യധികം ഉത്സാഹശാലിയായ ഒരു വിദ്യാർത്ഥിയെന്ന നിലയിൽ കാണപ്പെട്ടു.

അക്കാലത്തു് ഡേവിഡ്സൺ കാളേജു് അത്ര [2] പ്രശസ്തമായ ഒരു നിലയിലായിരുന്നില്ല. അത്യാവശ്യത്തിനു വേണ്ട ഏതാനും കെട്ടിടങ്ങളും, പഠിപ്പിക്കുന്നതിൽ ശ്രേഷ്ഠാന്തിപ്രദർശിപ്പിച്ചുപോന്ന അപൂർവ്വം ചില അദ്ധ്യാപകന്മാരും മാത്രമേ ഈ കാളേജിന്റെ സമ്പത്തായി അന്നുണ്ടായിരുന്നുള്ളൂ. വിദ്യാശാലയോടു് അനുബന്ധിച്ച [3] ബോർഡിംഗിൽ താമസക്കാരായ ബാലന്മാർ തന്നത്താൻ തങ്ങളുടെ നിത്യോപയോഗത്തിനും് ആവശ്യമുള്ള വേലകളിൽ ഏർപ്പെടുക പതിവായിരുന്നു. വിസ

---

1 നാമധേയം = പേരു്

2 പ്രശസ്തം = കീർത്തിയേറിയ

3 ബോർഡിംഗു് = കുട്ടികൾക്കു് താമസിച്ചു് പഠിക്കുന്നതിനുള്ള സ്കൂളിനോടു ചേർന്ന ഉള്ളതാമസസ്ഥലം

നാകട്ടെ, ഈ വേലകളിൽ പ്രദർശിപ്പിച്ചിടത്തോളം ജാഗ്രത, പഠനം സംബന്ധിച്ച് [1] അവലംബിച്ച പോന്നില്ല എങ്കിലും, യഥാകാലം ക്ലാസ്സുകയറാൻ സമ്പാദിച്ചു. അദ്ധ്യാപകന്മാരുടെ [2] വാത്സല്യത്തിന്നു പാത്രീഭവിച്ചും ദിനങ്ങൾ കഴിച്ചുപോന്നു. എന്നാൽ [3] അനന്തരകാലത്തു് ഒരു മഹാനായി തീരത്തക്ക ലക്ഷണങ്ങൾ ഒന്നുംതന്നെ ഈ ബാലനിൽ കാണപ്പെട്ടതുമില്ല.

1879-ൽ തോമസ്‌വിൽസൺ, പ്രിൻസ്ടൻ സവ്വകലാശാലയിൽനിന്നു് ബി. ഏ. വിരുദം സമ്പാദിച്ചു. അനന്തരം, വെർജീനിയാ കലാശാലയിൽനിന്നു് നിയമപഠനത്തിനും അദ്ദേഹം ഒരുങ്ങി. തത്പശാസ്ത്രത്തിലെ [4] അപാരവൈദുഷ്യം കാണിക്കുന്ന 'ഒരു' വിരുതു'' 1856-ൽ സമ്പാദിച്ച പ്രസ്തുത കഥാനായകൻ, ബ്രിൻമാർകാളേജിൽ, ചരിത്രവും രാജ്യമീമാംസയും പഠിപ്പിക്കുന്നതിലേക്കു നിയമിതനായി. ഫിലാഡൽഫിയയിലുള്ള ഈ കലാലയത്തിൽ ഏതാനും കാലം തുടർന്നു ഉദ്യോഗാനിവ്വഹിച്ചതിന്നുശേഷം, വുഡ്രോവിൽസൺ 1902-ൽ

---

1 അവലംബിക്കുക = ആശ്രയിക്കുക

2 വാത്സല്യം = സ്നേഹം

3 അനന്തരം = പിന്നീടു്

4 ഔൽസുക്യം = താൽപര്യം

5 അപാരവൈദുഷ്യം = അതീതകടന്ന സാമർത്ഥ്യം

അദ്ദേഹത്തിന്റെ നാല്പത്തിയാറാമത്തെവയസ്സിൽ പ്രിൻസട്ടൺ കലാശാലയുടെ അദ്ധ്യക്ഷൻ എന്ന [1] ഉന്നത പദവി സമ്പാദിച്ചു. ഈ ഉന്നത സ്ഥാനത്തിൽ അദ്ദേഹം എട്ടുവർഷക്കാലം കഴിച്ചുകൂട്ടുകയുമുണ്ടായി.

ക്രിസ്തുവർഷം 1910-ൽ ജനപ്രതിനിധി ഭരണസമ്പ്രദായത്തിൽ ഔത്സുക്യം പ്രദർശിപ്പിച്ചുപോന്ന ചില പൊതുജനനായകന്മാർ 'ന്യൂജഴ്സി' എന്ന സ്ഥലത്തെ ഗവണ്മെന്റായിരിക്കുവാൻ അദ്ദേഹത്തോടു് അപേക്ഷിച്ചു. അതേവരെയുള്ള ജീവിതകാലത്തിനുള്ളിൽ അദ്ദേഹം രാജ്യഭരണം സംബന്ധിച്ചു് ഓരോ ഗഹനതത്വങ്ങളും മനസ്സിലാക്കിയാണു കഴിച്ചുകൂട്ടിയതു്. ഇപ്രകാരം അദ്ദേഹത്തിനു ഭരണസംബന്ധമായി ലഭിച്ച ജ്ഞാനം പ്രായോഗികമാക്കാൻ വിൽസൺ ഉൽകണ്ഠാഭരിതൻ ആയിരുന്നു താനും. എന്നാൽ ഈ ഗവർണ്ണർ സ്ഥാനത്തേക്കു അദ്ദേഹത്തെ തിരഞ്ഞെടുക്കണമെന്ന ഉദ്ദേശത്തോടെ അഭ്യർത്ഥിച്ച പൊതുജനപ്രമാണികൾ അന്നത്തെ നാട്ടുനടപ്പനുസരിച്ചു വിത്സനെക്കൊണ്ടു ചില സത്യപ്രതിജ്ഞകൾ ചെയ്യിക്കുവാൻ ഉദ്യമിച്ചു. എന്നാൽ ഏതെങ്കിലും ഒരു കക്ഷിയിൽ

---

1 ഉന്നതപദവി = ഉയർന്ന സ്ഥാനം

പെട്ട്, തന്റെ മനസ്സാക്ഷിയുടെ [1]ഹിതാഹിതങ്ങൾ പരിഗണിക്കാതെ, ആത്മബലി ചെയ്യുവാൻ അദ്ദേഹം സന്നദ്ധനായില്ല. അദ്ദേഹത്തിനു അക്കാലത്തു് അൻപത്തിനാലു വയസ്സു പ്രായമുണ്ടായിരുന്നു. [2]ന്യായേതരങ്ങളായ യാതൊരു മാർഗ്ഗങ്ങളിലും തന്നെ കാൽവയ്ക്കാതെ മനസ്സാക്ഷിക്കു യോജിച്ചവിധംജീവിതയാനം നിർവ്വഹിച്ചുപോന്ന വിസന്റ് പൊതുജനങ്ങൾ കീഴടങ്ങിയല്ലാതെ, അനാശാസ്യമായവിധം അദ്ദേഹം ഏതെങ്കിലും ഒരു രാഷ്ട്രീയകക്ഷിയുടെ ദാസനാവാൻ മോഹിച്ചിരുന്നില്ല.

ഏതായാലും വിസൻ മുൻപറഞ്ഞ ഗവർണ്ണർ സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടു. ആ സംഭവം കഴിഞ്ഞു തന്റെ പ്രവർത്തനപരിപാടികൾക്ക് അടിസ്ഥാനമായ നയത്തെ ഒരു അവസരത്തിൽ അദ്ദേഹം ഇപ്രകാരം വിശദീകരിച്ചു. "ഈ സ്ഥാനത്തേക്ക് എന്നെ തിരഞ്ഞെടുക്കണമെന്നു് ഞാൻ ആരോടും ആവശ്യപ്പെട്ടിട്ടില്ല. എന്നു മാത്രമല്ല, ഈ സ്ഥാനലബ്ധി ഏതുവിധത്തിലെങ്കിലും സാധിച്ചുകൊള്ളണമെന്ന ഉദ്ദേശത്തിൽ ഞാൻ ആരോടും യാതൊരു പ്രതിജ്ഞയും നിർവ്വഹിച്ചിട്ട

---

1. ഹിതാഹിതങ്ങൾ=ഇഷ്ടാനിഷ്ടങ്ങൾ

2. ന്യായേതരമായ=ന്യായമല്ലാത്തതായ

മില്ല. എന്നെ ഈ സ്ഥാനത്തേക്കു തിരഞ്ഞെടുത്ത സ്ഥിതിക്കു് എന്റെ മനസ്സാക്ഷിയ്ക്കനുസരണമായ വിധത്തിൽ ആത്മാർത്ഥതയോടെ ജനസേവനം ചെയ്യുവാൻ ഇതാ, ഞാൻ, ഇപ്പോഴും സന്നദ്ധനായിരിക്കുന്നു.''

അദ്ദേഹത്തിന്റെ സ്വരധാടിയും ആത്മാർത്ഥത പ്രകാശിക്കുന്ന വാക്കുകളുടെ ലാളിത്യവും ശ്രോതാക്കളെ ആസകലം ആകർഷിക്കത്തക്കതായിരുന്നു. അദ്ദേഹത്തിന്റെ സഹപ്രവർത്തകരായിരുന്ന പല ആളുകളും വിത്സനെ ഒരു ജനനായകനായിത്തന്നെ ഗണിച്ചു. അദ്ദേഹത്തിനു അത്തുവരെ എന്തെങ്കിലും കാരണവശാൽ ഒരൊറ്റ ശത്രുപോലും ഉണ്ടായിരുന്നോ എന്ന കാര്യം സംശയമാണു്. എന്നാൽ ന്യൂജഴ്സിയിലെ ഗവണ്മെന്റ്യോഗത്തിൽ പ്രവേശിച്ചതു മുതൽ അദ്ദേഹത്തിനു് അനേകം ശത്രുക്കൾ ഉണ്ടായി. സ്വാർത്ഥപരമായ ഉദ്ദേശങ്ങളോടുകൂടി രാജ്യകാര്യത്തിൽ പ്രവേശിച്ച പലർക്കും അദ്ദേഹം അസ്വാസ്ഥ്യകാരിയായിത്തീർന്നു. സേവ പിടിച്ചോ ഭയപ്പെട്ടതിയോ ഈ ഭരണാധിപനെ തങ്ങളുടെ അധീനതയിൽ കൊണ്ടുവരാം എന്നു കരുതി പ്രവൃത്തിച്ചുപോന്ന പലരും അദ്ദേഹത്തിന്റെ [1] പരമവൈരികളായിത്തീർന്നു

---

1. പരമവൈരികൾ=പരമശത്രുക്കൾ

1912 നവംബർമാസത്തിൽ വിത്സൺ അമേരിക്കൻ ഐക്യനാടുകളിലെ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. ഈ അഭ്യുക്ഷ്മാ[1] നാരോഹണത്തോടുകൂടി അദ്ദേഹം ലോകത്തുള്ള [2]ഗണനീയരായ രാജ്യതന്ത്രജ്ഞന്മാരിൽ ഒരുവനായിത്തീർന്നു. ശത്രുക്കൾ ഏതു വിധമെല്ലാം അദ്ദേഹത്തെ എതിർത്തിരുന്നുവെങ്കിലും അദ്ദേഹത്തിൻറെ നിഷ്കളങ്കമായ ഹൃദയത്തിൻറേയും തെളിവുള്ള കൂശാഗ്രബുദ്ധിയുടേയും ഉചിത വ്യാപാരങ്ങളെ അവർ ഒരുപോലെ വിലവച്ചുപോന്നു.

തന്നെ പ്രസിഡൻറായി തിരഞ്ഞെടുത്ത സന്ദർഭത്തിൽ അദ്ദേഹം പ്രസ്താവിച്ചത് ഇപ്രകാരമായിരുന്നു:- "ഈ ദിവസം ഞാൻ ഒരു വിജയദിനമായിട്ടല്ലാ കണക്കാക്കുന്നത്; [3]പ്രത്യുത, ഒരു ആത്മസമർപ്പണദിവസമായിട്ടാണ്. ഈ നവീനമായ പ്രവൃത്തിരംഗത്തിൽ, രാജ്യഭരണതല്പരന്മാരുടെ ശക്തികളും മാത്രമല്ല പൊതുജനങ്ങളുടെ തന്നെ ശക്തികളാണ് തമ്മിൽ സംഘട്ടനം ചെയ്യുന്നത്. ഇന്നാട്ടിലെ ജനങ്ങളുടെ ഹൃദയങ്ങൾ എത്രമാത്രം

---

1. ആരോഹണംചെയ്യുക=കയറുക
2. ഗണനീയരായ=എണ്ണത്തക്കവരായ
3. പ്രത്യുത=നേരെമറിച്ച്

ഭരണാധിപനോട് യോജിക്കുന്നുവോ അത്രമാത്രം വിജയം എനിക്കു ലഭിക്കാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ ജനസഞ്ചയം നിക്ഷേപിക്കുന്ന സ്നേഹവിശ്വാസങ്ങളെ ഞാൻ ഒരു കാലത്തും മലിനപ്പെടുത്തുന്നതല്ല. അതിനാൽ ദേശാഭിമാനികളും സത്യരതന്മാരും [1] ഉൽക്കർഷേശ്ചുക്കളുമായ എല്ലാം നാട്ടുകാരേയും ഞാൻ സഹായത്തിനു് ക്ഷണിച്ചുകൊള്ളുന്നു. ഈശ്വരൻ സഹായിക്കുന്നപക്ഷം, ഞാൻ, അവരുടെ "അഭിമതങ്ങൾക്കു ഹാനി തട്ടാത്തവിധത്തിൽതന്നെ ഭരണകൃത്യം നിർവ്വഹിച്ചുകൊള്ളാമെന്നു കരുതുന്നു."

വിത്സൺ പ്രസിഡൻറായി അധികകാലം കഴിയുന്നതിനു മുമ്പായിത്തന്നെ 1914 മുതൽ 1918 വരെ നിലനിന്ന ലോകമഹായുദ്ധം ആരംഭിച്ചു. അദ്ദേഹം ഒരു സമാധാനശീലനും യുദ്ധോദ്ഭിക്കുരസംരഭങ്ങളോട് തീരെ അനുഭാവമില്ലാത്തവനും ആയിരുന്നു. അതനുസരിച്ചു് നിവൃത്തിയുള്ള പക്ഷം അമേരിക്ക യുദ്ധകാര്യങ്ങളിൽ പങ്കെടുക്കാതെ കഴിക്കണം എന്നതായിരുന്നു അദ്ദേഹത്തിൻെറ നയം. പലതരം ദേശീയതയോടുകൂടിയ അനേകായിരം ജനങ്ങളുടെ അധിവാസകേന്ദ്രമായ ഐക്യസം

---

1 ഉൽക്കർഷേശ്ചുക്കൾ=ഉൽക്കർഷം ആഗ്രഹിക്കുന്നവർ.

സ്ഥാനങ്ങൾപോലെ ഇത്രമാത്രം [1] വിഭിന്നരുചിയുള്ള ഒരു നാട്ട് ഭൂലോകത്തെങ്ങും ഉണ്ടായിരിക്കുകയില്ല. ആ മഹത്തായ ദേശവിഭാഗം ലോകവ്യാപിയായ യുദ്ധത്തിൽ യാതൊരു പങ്കെടുപ്പാനും പോകാതെ മൂന്നു കൊല്ലം വരെ സമാധാനപരമായി വർത്തിച്ചതു് പ്രസിഡൻറു് വിത്സന്റെ സാമർത്ഥ്യംമൂലം മാത്രമായിരുന്നുവെന്നതു് എത്രയോ പ്രശംസനീയമാണു്.

എന്നാൽ യുദ്ധം തുടങ്ങുന്നതിനു് അങ്ങേ അറ്റത്തെ നിലയിൽ എത്തിയതോടുകൂടി ഐക്യസംസ്ഥാനങ്ങളുടെ ഈ നില പരിപാലിക്കുക [2] സുകരമല്ലാതായി. അമേരിക്കയുടെ അവകാശങ്ങളെ [3] വിധ്വംസിക്കുവാൻ ജർമ്മനി പ്രദർശിപ്പിച്ച പ്രത്യേക മനോഭാവം പ്രസിഡൻറു് വിത്സനെക്കൊണ്ടു പലതരം നിഷേധനിശ്ചയങ്ങൾക്കും കാരണമാക്കി. സമാധാനപരമായ നില അമേരിക്ക അനുവർത്തിച്ചിരിക്കുന്നതിൽനിന്നു് ആ അതിശക്തസംസ്ഥാനത്തെ പിൻതിരിപ്പിക്കുവാൻ ജർമ്മനി പല ശ്രമങ്ങളും നടത്തി. ക്രമായ പരിപാടികളിൽ ഏർപ്പെടുന്നതിനു

---

1. വിഭിന്നരുചി = പലതരത്തിലുള്ള അഭിപ്രായം
2. സുകരം = എളുപ്പം
3. വിധ്വംസിക്കുവാൻ = നശിപ്പിക്കുവാൻ.

തെല്ലുപോലും മടിയില്ലാതിരുന്ന ജർമ്മനി അമേരിക്കയു
മായി നടത്തിയ എഴുത്തുകുത്തുകൾ വളരെ വിചിത്രങ്ങ
ളായിരുന്നു. വിത്സന്റെ യുക്തിയുക്തങ്ങളും സാമാധാന
പൂർണ്ണങ്ങളും ആയ വാദമുഖങ്ങൾ ഓരോന്നും ജർമ്മനിക്കു
തീരെ അസഹ്യമെന്ന നിലയിൽ എത്തി. ആ രാജ്യം
അമേരിക്കയെ വശീകരിക്കുവാൻ സകല ത്രമങ്ങളും
നടത്തി നോക്കി. എന്നാൽ അമേരിക്ക ജർമ്മനിയുടെ
കെണിയിൽ പെട്ടില്ല എന്നു തന്നെ പറയാം. ഈ
എഴുത്തുകുത്തും [1] യുദ്ധോദ്യമവും സംബന്ധിച്ചു വിത്സൻ
തന്റെ സ്വദേശീയരെ അഭിമുഖീകരിച്ചു കൊണ്ടു
ആയിടെ ഒരവസരത്തിൽ ഇപ്രകാരം പ്രസ്താവിച്ചു :—

"നാം (അമേരിക്കാ നിവാസികൾ) ലോകത്തുള്ള
സകല ദേശീയശക്തികളോടേയും ഒരു യഥാർത്ഥബന്ധു
വാണു. നാം ആരേയും ഭയപ്പെടുത്തുവാനോ, അപഹ
രിച്ചു മുതൽ കൈവശമാക്കാനോ ആഗ്രഹിക്കുന്നില്ല.
നമ്മുടെ സ്നേഹബന്ധം ഉണ്ടായിരിക്കണമെന്നു ഏതൊരു
രാജ്യം ആവശ്യപ്പെടുന്നുവോ ആ രാജ്യത്തിനു നാം

---

1. യുദ്ധോദ്യമം = യുദ്ധത്തിനുള്ള ഒരുക്കം.

സഹായികളായി നിൽക്കുന്നു. എന്നാൽ ഇതുമൂലം നമുക്ക് അന്യദേശീയ ശക്തികളുടെ നിലനിൽപ്പ് തടയണമെന്നു യാതൊരുദ്ദേശവും ഇല്ല തന്നെ"

മുമ്പിലത്തെ പ്രസിഡൻറായിരുന്ന വുസ്വെൽട് രാജ്യകാര്യപരങ്ങളായ വിവിധവിഷയങ്ങളും സംബന്ധിച്ച വിത്സൻറെ അഭിപ്രായങ്ങളോടു വിയോജിച്ചു പോന്നിരുന്നുവെങ്കിലും ലോകമഹായുദ്ധത്തിൽ അമേരിക്ക പങ്കെടുക്കേണ്ടതാണ് എന്ന് അദ്ദേഹത്തിന്നും തോന്നിയിരുന്നില്ല. വിത്സൻറെ അഭിപ്രായവും ഇതേവിധം തന്നെയായിരുന്നുവെന്നു ജനങ്ങളും മനസ്സിലാക്കിയതോടുകൂടി അവർ പ്രസിഡൻറിനെ അഭിനന്ദിച്ചു. ഇപ്രകാരം അപേക്ഷിച്ചു :—

"മാന്യനായ പ്രസിഡൻറവർകളെ, ഞങ്ങളും ഞങ്ങളുടെ രക്ഷയ്ക്കായി അങ്ങയെത്തന്നെ അഭയം പ്രാപിക്കുന്നു. അങ്ങ് ഞങ്ങളെ യുദ്ധത്തിൻറെ ക്രൂരാക്രമണത്തിൽ നിന്നു രക്ഷിക്കുവാൻ കടമപ്പെട്ടിരിക്കുന്നതുപോലെ അമേരിക്കയുടെ അഭിമാനം നിലനിർത്തിക്കൊണ്ടു പോകുന്നതിനും അങ്ങു തുല്യമായി ശ്രദ്ധിക്കേണമെന്നു ഞങ്ങളും അഭ്യർത്ഥിക്കുന്നു". ഇതിലേക്ക് വിത്സൺ ഇങ്ങനെ മറുപടി പറഞ്ഞു :—

"നിങ്ങൾ ആവശ്യപ്പെട്ടാൽ കായ്ങ്ങളിൽ, ഒന്നു പോലും കേവലം അസാദ്ധ്യമെന്ന നില അധികം താമസിയാതെ വന്നുചേരും.

സമാധാനം സംബന്ധിച്ചാണെങ്കിൽ എന്നോളം ശാന്തതയെ ആഗ്രഹിക്കുന്ന ഒരാൾ ഇന്നു് അമേരിക്കയിൽ കാണുകയില്ല. യുദ്ധം എന്ന ആശയത്തെത്തന്നെ ഞാൻ വെറുക്കുന്നു. എന്നാൽ നമ്മുടെ അഭിമാനത്തെ സംരക്ഷിക്കേണ്ടതാണെന്നു നിങ്ങൾ പറയുന്നുവല്ലോ. ഇതിലേയ്ക്കു്, നാം എന്തെല്ലാം പ്രവർത്തിക്കുന്നുവെന്നതിനേക്കാൾ അന്യർ നമ്മെ ബാധിക്കുന്നവിധത്തിൽ എന്തെല്ലാം പ്രവർത്തിക്കുന്നു എന്നതാണു് ഏറ്റവും പ്രധാനമായിട്ടുള്ളതു്."

വിൽസന്റെ ഈ സമാധാനപരമായനയംഅനുവർത്തിക്കുന്നതിനു സാദ്ധ്യമല്ലാ അവിധത്തിൽ 1917 ഏപ്രിൽ മാസത്തിൽ അമേരിക്ക യുദ്ധപ്രഖ്യാപനം ചെയ്യേണ്ടിവന്നു. പ്രസിഡൻറിന്റെ ചുമതലകൾ വർദ്ധിച്ചു. യുദ്ധംസംബന്ധിച്ച ഓരോ നടപടിയിലും അദ്ദേഹം ക്രൂരതലായി ശ്രദ്ധിക്കേണ്ട ഘട്ടങ്ങൾ വന്നുചേർന്നു. ഇപ്രകാരമുള്ള നിരന്തരവ്യവസായത്താൽ അദ്ദേഹം ക്രൂരതൽ വാർദ്ധക്യം പ്രാപിച്ചവനെപ്പോലെ കാണപ്പെട്ടു. അമേരിക്കൻ സൈന്യങ്ങളുടെ യുദ്ധസന്നദ്ധതയിലും ആ സൈന്യ

ങ്ങൾക്കു സിദ്ധിച്ചിരുന്ന വിജയരീതികളിലും [1] ജനസഞ്ച യത്തിനു വളരെ സന്തോഷം തോന്നി. യുദ്ധം ഏകദേശം അവസാനിക്കുന്ന ഘട്ടത്തിലായി. "ഈ യുദ്ധം, അവസാ നത്തെ യുദ്ധമായിരിക്കും. എന്തെന്നാൽ ഈ യുദ്ധത്തോ ടുകൂടി ഭൂലോകമൊട്ടുക്കു് ജനപ്രതിനിധി രാജ്യഭരണ തത്വം അംഗീകരിക്കപ്പെട്ടുന്നതാണു്." എന്നതേ പ്രസി ഡൻറു് വിൽസൺ അഭിപ്രായപ്പെട്ടതു്.

യുദ്ധത്തിൻെറ ആരംഭഘട്ടം മുതൽക്കേ അഖിലദേ ശീയപ്രശ്നങ്ങളിൽ വിൽസൺ ഏറ്റവും [2] ഉത്സുകതയുള്ള ഒരു ഭരണകർത്താവായി പ്രത്യക്ഷപ്പെട്ടിരുന്നു. അതിനാൽ ആ ദേശീയശക്തികൾ എല്ലാം ഭരിതാനുഭവങ്ങൾക്കു് ഒരു അവസാനം വരുത്തുന്നതിനു വിൽസനെത്തന്നെ ആശ്രയം പ്രാപിച്ചുപോന്നു.

1918-ാം വർഷം ജനുവരി മാസത്തിൽ വിൽസൺ പതിനാലു പ്രത്യേകകാര്യങ്ങൾ അടങ്ങിയ ഒരു സന്ദേശം കാൺഗ്രസ്സിനയച്ചു. അന്നു യുദ്ധത്തിലേർപ്പെട്ടിരുന്ന സകല ദേശീയശക്തികൾക്കും സമാധാനത്തിനു് അടി സ്ഥാനമിടുന്ന പരിപാടികളായിരുന്നു, ഈ സന്ദേശ

---

1. ജനസഞ്ചയം = ജനക്കൂട്ടം.
2. ഉത്സുകത = താൽപ്പര്യം.

ത്തിൽ അടങ്ങിയിരുന്നത്. [1] അന്ധകാരപരിപൂർണ്ണമായ ലോകത്തു് ബാലസൂര്യന്റെ ഉദയംപോലെ ഈ സന്ദേശം അത്യന്തം [2] ആമോദകരമായി ഭവിച്ചു. ഈ സന്ദേശത്തിന്നു പത്തുമാസം മുമ്പായിത്തന്നെ യുദ്ധം അവസാനിച്ചിരുന്നു എങ്കിലും പരമമായ സമാധാനവും സംതൃപ്തിയും ഉണ്ടായതു് പ്രസിഡൻറിന്റെ സന്ദേശത്തോടുകൂടിമാത്രമായിരുന്നു. ഈ സന്ദേശത്തിൽ സമാധാനം [3] കാംക്ഷിച്ചുകൊണ്ടു വിൽസൺ നിശ്ചയിച്ച വ്യവസ്ഥകൾ ജർമ്മനിക്കും ആസ്ട്രിയായ്ക്കും അത്രത്തോളം ലഘുവായി വഹിക്കാവുന്നവയല്ലായിരുന്നുവെങ്കിലും യാതൊരു വിധത്തിലും [4] അവമതിയുണ്ടാക്കുന്നവയല്ലായിരുന്നു. പരാജയം പ്രാപിച്ച ശത്രുവിനോടു യാതൊരു പ്രതികാരശക്തിയും ഉദ്ദേശിക്കാതെ ഇങ്ങനെ നിർദ്ദേശിക്കപ്പെട്ട വ്യവസ്ഥകൾ പ്രസിഡൻറു് വിൽസന്റെ ഹൃദയവിശാലതയ്ക്കു [5] മകുടോദാഹരണങ്ങളായി ഗണിക്കപ്പെടാം.

---

1. അന്ധകാരപരിപൂർണ്ണമായ = മൂഢവും ഇരുണ്ടുനിറഞ്ഞതായ
2. ആമോദകരം = സന്തോഷകരം.
3. കാംക്ഷിക്കുക = ആഗ്രഹിക്കുക.
4. അവമതി = അവമാനം.
5. മകുടോദാഹരണം = ഉത്തമോദാഹരണം.

മഹായുദ്ധം 1918 നവംബർ 11-ാംതീയതി അവ സാനിക്കുകയുണ്ടായല്ലോ. ഇതു സംബന്ധിച്ച സമാധാന വ്യവസ്ഥകളെപ്പറ്റി ആലോചിച്ച മഹായോഗത്തിൽ സംബന്ധിക്കുന്നതിനായി വിൽസൺ ഫ്രാൻസിൽ എത്തി യപ്പോൾ ഫ്രഞ്ചുജനസഞ്ചയം അദ്ദേഹത്തെ അത്യധിക മായ സ്നേഹബഹുമാനങ്ങളോടെ സൽക്കരിക്കുകയുണ്ടാ യി ഫ്രാൻസുവിട്ടതിനുശേഷം വിൽസനെ ബ്രിട്ടീഷ് രാജാവു ക്ഷണിച്ചു സൽക്കരിച്ചു. അദ്ദേഹത്തെ ഒന്നു കാണുന്ന തിനായി ബക്കിങ്ഹാം കൊട്ടാരത്തിനുസമീപം തിക്കി ക്കൂടിയ ജനങ്ങൾക്കു് കയ്യും കണക്കുമില്ലായിരുന്നു. അന ന്തരം വിൽസൺ 'റോം' എന്ന പുരാതന പ്രസിദ്ധിയുള്ള നഗരം സന്ദർശിച്ചു.

'സർവരാജ്യസഖ്യം' എന്നുപറയപ്പെടുന്ന രാഷ്ട്രീയ ശക്തികളുടെ സഖ്യം കാണിക്കുന്ന ആ ഗംഭീരസഭ സ്സിന്റെ രൂപീകരണത്തിൽ പ്രസിഡന്റു വിൽസൺ അത്യധികമായ ശ്രമം ചെയ്തിട്ടുണ്ടു്. ആദ്യകാലങ്ങളിൽ, സർവരാജ്യസഖ്യത്തിൽ ചേരുന്നതിനു് അമേരിക്ക കേവലം [1]വിമുഖയായിരുന്നു. എന്നാൽ ഈ പരാങ്

---

1 വിമുഖ താൽപ്പര്യമില്ലാത്തവൾ

മുഖ്യ സഹപ്രവർത്തകരുടെ കൂട്ടത്തിൽത്തന്നെ വിട്ടുമാറുകയും പ്രസിഡന്റ് വിൽസന്റെ നിർദ്ദേശം അനുസരിച്ച് അമേരിക്കയും പ്രസ്തുത സഖ്യത്തിൽ ഭാഗഭാക്കാവുകയുംചെയ്തു.

ഇപ്രകാരം പന്ത്രണ്ടുവർഷത്തോളമുള്ള പൊതുജനസേവനത്തിനുശേഷം 1924-ൽ പ്രസിഡന്റ് വിൽസൺ അമേരിക്കയിലെ ഭരണീയ [1] ജനസമുച്ചയത്തെ അന്ത്യമായി ഉപേക്ഷിക്കുന്ന കാലം അടുത്തു. 1928 ഫെബ്രുവരിമാസം 7-ാംനു- മഹാനായ ഈ ഭരണാധിപൻ, സ്നേഹബഹുമാനങ്ങളോടെ അദ്ദേഹത്തെ സ്നേഹിച്ചുപോന്ന ജനസഞ്ചയത്തെ ദുഃഖ സാഗരത്തിൽ തള്ളുന്ന വിധം [3] ഇഹലോകവാസം ഉപേക്ഷിച്ചു. ഗൗരവമേറിയ ഭരണകാര്യങ്ങളിലും, ഒരു സാധാരണ മനുഷ്യൻ എന്ന നിലയിൽ ഗൃഹകാര്യങ്ങളിലും അദ്ദേഹം ഉത്തമപുരുഷന്മാരുടെ സകല സൽഗുണങ്ങളുടേയും, ഒരു അവതാരം തന്നേയായിരുന്നു എന്നു പറയാം.

---

1 ജനസമുച്ചയം = ജനക്കൂട്ടം

2 സാഗരം = സമുദ്രം

3 ഇഹലോകവാസം = ഈ ലോകജീവിതം

ചോദ്യങ്ങൾ

1 തോമസ് വുഡ്രോവിത്സന്റെ വിദ്യാഭ്യാസ ജീവിതത്തെപ്പറ്റി നീങ്ങാംക്കെന്തറിയാം?

2 അദ്ദേഹം ഗവർണ്ണർസ്ഥാനം സ്വീകരിച്ചതെങ്ങനെ?

3 1914 മുതൽ 18 വരെയുള്ള ലോകമഹായുദ്ധത്തിൽ അമേരിക്കയുടെ നില എന്തായിരുന്നു എന്നു് വിശദീകരിക്കുക?

അദ്ധ്യായം 2

തോമസ് ആർണാൾഡ്

ഇംഗ്ലണ്ടിന്റെ [1] ദക്ഷിണഭാഗത്തായി കാണപ്പെടുന്ന ആ മനോഹരമായ ദ്വീപ് 'വൈൽഅഫ് വൈറ്റ്' എന്നു പറയപ്പെടുന്നുവല്ലോ. ഈ [2] രമ്യദേശവിഭാഗത്തിലാണു സുപ്രസിദ്ധവിദ്യാലയാധിപനായ 'തോമസ് ആർനാൾഡ്' എന്ന മഹാൻ ജാതനായതു്. ക്രിസ്തുവർഷം 1795-ൽ ജനിച്ച ഏതാനും കാലം [3] വിദ്യാഭ്യാസരതനായും അനന്തരം പ്രസിദ്ധിയേറിയ ഒരു വിദ്യാലയാധിപനായും കീർത്തി സമ്പാദിച്ച ആർനാൾഡ്, സുപ്രസിദ്ധകാവ്യവിമർശകനായ മാത്യു ആർനാൾഡ് എന്ന മഹാന്റെ പിതാവും ആയിരുന്നു.

സാധാരണ ബാലന്മാരിൽ കണ്ടുവരാത്തതായ ഒരു ദുഷ്ടീലം അഥവാ ദുർബലത, തോമസ് ആർനാൾ

---

1 ദക്ഷിണഭാഗം = തെക്കുഭാഗം

2 രമ്യദേശം = മനോഹര ദേശം

3 വിദ്യാഭ്യാസരതൻ = വിദ്യാഭ്യാസ തല്പരൻ

ഡിന്റെ കൂട്ടിക്കാലത്തു് അദ്ദേഹത്തെ ബാധിച്ചിരുന്നു. അതായതു് പ്രഭാതത്തിൽ ഉണരുക എന്ന ശീലം ഇദ്ദേഹത്തിനു ബാല്യകാലത്തിൽ ഒരിക്കലും ഉണ്ടായിരുന്നില്ല. ആറാമത്തെ വയസ്സിൽ ഈ ബാലന്റെ പിതാവു് മരിച്ചു. പന്ത്രണ്ടാമത്തെ വയസ്സിൽ അദ്ദേഹം വിൻചസ്റ്റർട്ടൻ പാഠശാലയിലും അനന്തരകാലത്തു് ഓക്സ്ഫോർഡ് കാളേജിലും ചേർന്നു് അദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കി. 1813-ൽ, ഇംഗ്ലണ്ടിലെ ക്രൈസ്തവ ദേവാലയം വക 'ഡീക്കൺ' എന്ന സ്ഥാനം അദ്ദേഹം സമ്പാദിച്ചു് ഒരു പള്ളിയിലെ അദ്ധ്യാത്മഗുരുവായി ഏതാനും കാലം കഴിച്ചുകൂട്ടി. അതോടുകൂടി ചില വിദ്യാർത്ഥികൾക്കു് ചില പ്രധാന പരീക്ഷകൾക്കു് വേണ്ട വിധത്തിൽ അഭ്യസനവും നൽകി ഈ മതനിഷ്ഠൻ തന്റെ ജീവിതം ആരംഭിച്ചു.

ആരംഭകാലം മുതൽക്കു തന്നെ ആർനാൾഡ്, ഒരു അദ്ധ്യാപകൻ എന്ന നിലയിൽ അത്യധികം വിജയവാനായി കാണപ്പെട്ടു. ഈ വിജയത്തിന്റെ രഹസ്യം അദ്ദേഹം തന്നെ സ്വയം ഒരു വിദ്യാർത്ഥിയാണെന്നു ഭാവിക്കാറുണ്ടായതാണെന്നു പറയപ്പെടുന്നു. വിദ്യാർത്ഥികളോടുകൂടെ സവാരി ചെയ്യുന്നതിനും സ്നാന [1]ഭോജനാദി

---

1 ഭോജനാദികം=ഭക്ഷണംമുതലായവ

കരം നിവൃഹിക്കുന്നതിനും അദ്ദേഹത്തിനു പ്രത്യേകം ഒരു ഉത്സാഹം ഉണ്ടായിരുന്നുവത്രേ.

അക്കാലത്തു് ഇംഗ്ലണ്ടിൽ എന്നു വേണ്ട, ലോകം ഒട്ടുക്കുതന്നെ സുപ്രസിദ്ധമായ ഒരു ഹൈസ്കൂൾ ഉണ്ടായിരുന്നു. റഗ്ബീസ്കൂൾ എന്നു പറയപ്പെടുന്ന ഈ വിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകസ്ഥാനം ഒഴിഞ്ഞുകാണുകയാൽ ഈ സ്ഥാനലബ്ധിക്കു് അനേകം ആളുകാണുകയാൽ ഈ സ്ഥാനലബ്ധിക്കു് അനേകം ആളുകരം അപേക്ഷകരായി. വിദ്യാർത്ഥികളോടുള്ള സ്നേഹദയാവാത്സല്യങ്ങൾ നിമിത്തം നേരത്തേ പ്രസിദ്ധിനേടിയിരുന്ന തോമസ് ആർനാൾഡു് തന്നെ ഈ പാഠശാലയിലെ നേതാവായി നിയമിക്കപ്പെട്ടു. മുപ്പത്തിമൂന്നു വയസ്സുമാത്രം പ്രായമായിരുന്ന കാലത്തുതന്നെ ഇപ്രകാരം ആർനാൾഡു് പ്രവേശിക്കുവാൻ ഇടയായ ചുമതലയേറിയ സ്ഥാനം അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാനത്തോടുക്രടി മാത്രമേ അദ്ദേഹത്തിൽ നിന്നു വേർപെട്ടുള്ളൂ.

അക്കാലത്തെ വിദ്യാർത്ഥിജീവിതത്തിനേയും അദ്ധ്യാപകവൃത്തിയുടേയും സ്വഭാവം ഇന്നത്തേതിൽ നിന്നു എത്രയോ [1]വിഭിന്നമായിരുന്നു. [2]അദ്ധ്യേതാക്കളുടെ

---

1 വിഭിന്നം=വ്യത്യസ്തം

2 അദ്ധ്യേതാക്കൾ=വിദ്യാർത്ഥികൾ

ശ്രദ്ധയെ രസകരമായ്വിധത്തിൽ ആവഹ്ജിച്ചു അവർക്കു ജ്ഞാനസമ്പാദനത്തിനു സൗകര്യമുണ്ടാക്കിക്കൊടുക്കുന്ന [1] ആധുനികരീതി അന്നു അറിയപ്പെട്ടിരുന്നില്ല. ഗൗരവമേറിയതും ബാലബുദ്ധിക്കു സുഗ്രഹങ്ങളല്ലാത്തവയും ആയ പാഠഭാഗങ്ങളെ അദ്ധ്യാപകന്മാർ കഠിനമായ ദേഹോപദ്രവം ഏൽപ്പിച്ചു വിദ്യാർത്ഥികളെ അഭ്യസിപ്പിച്ചു പോന്നിരുന്നു. പാഠശാലകളിൽ തന്നെ വിദ്യാർത്ഥികൾ തമ്മിൽ സ്നേഹമോ ഒരു യോജിപ്പോ ഇല്ലാതെ ഓരോരുത്തരും പരസ്പരം കലഹിക്കുകയും ശരീരബലത്തിന്റെ പരീക്ഷണം നടത്തുകയും ചെയ്തു വിദ്യാലയങ്ങളെ അലങ്കോലപ്പെടുത്തിവന്നിരുന്നു. അദ്ധ്യേതാക്കളുടെ ഈ നിസ്സാരകലഹങ്ങൾക്കു ശമനം വരുത്തുന്നതു് അദ്ധ്യാപകന്മാരുടെ കഠിനങ്ങളായ ദേഹശിക്ഷകൾ കൊണ്ടു മാത്രമായിരുന്നു. ഗുരുക്കന്മാരുടേയും രക്ഷകർത്താക്കന്മാരുടേയും അഭിപ്രായമാകട്ടെ, വിദ്യാർത്ഥികൾ പഠിക്കണമെങ്കിൽ നിരന്തരമായ [2] പ്രഹരം അത്യാവശ്യമാണു് എന്നതായിരുന്നു. ഇപ്രകാരം വിദ്യാഭ്യാസത്തിന്റെ പ്രാഥമിക തത്വങ്ങളെതന്നെ ബലിനൽകി

---

1 ആധുനികരീതി = ഇന്നത്തെരീതി

2 പ്രഹരം = അടി

പ്പോഴത്തെ ഒരു കാലത്തു് റഗ്ബീഹൈസ്കൂളിലെ ഹെഡ് മാസ്റ്ററായ തോമസ് ആർനാൾഡ് മരിച്ചതിന്റെ കാലത്തിനും എത്രയോ വർഷം കഴിഞ്ഞു ശേഷമുള്ള ബുദ്ധിസാമർത്ഥ്യശ്രേഷ്ഠതയോടെ വിദ്യാലയഭരണം നടത്തിവന്ന എന്നതു് തീർച്ചയായും അഭിനന്ദനീയമല്ലേ? ഒരു ദിവസം അദ്ദേഹം മന്ദബുദ്ധിയായ ഒരു ബാലനെ എന്തോ ഒരു പാഠഭാഗം മനസ്സിലാക്കിക്കൊണ്ടിരിക്കവേ, അവനോടു് അല്പം കഠിനമായി സംസാരിക്കുവാൻ ഇടയായി. അവനു കാര്യഗ്രഹണസാമർത്ഥ്യം ഇല്ല എന്ന വിധത്തിൽ അദ്ദേഹം കുറ്റപ്പെടുത്തിയതു കേട്ട ബാലൻ, അത്യന്തംദൈന്യമായ മുഖഭാവത്തോടെ "ഇത്രത്തോളം കോപിച്ചു് എന്നോടു സംസാരിക്കുന്നതു് എന്തിനാണു സാർ, ഞാൻ എന്നാൽ കഴിയും വിധം ശ്രദ്ധിച്ചു മനസ്സിലാക്കുവാൻ ശ്രമിക്കുന്നു." എന്നു പറയുകയുണ്ടായി. തോമസ് ആർനാൾഡ് ഈ നേരിട്ടുള്ള അനുഭവം അനന്തരകാലത്തു എല്ലായ്പോഴും ഓർമ്മിച്ചിരുന്നു. ഏതാനും വർഷം കഴിഞ്ഞു അദ്ദേഹം ഇപ്രകാരം പറഞ്ഞുവത്രേ. "അന്നത്തെ ആ കുട്ടിയുടെ നോട്ടവും വാക്കും എന്നെ വല്ലാതെ സങ്കടപ്പെടുത്തി. അവന്റെ ആ മുഖഭാവം ഞാൻ ഒരിക്കലും മറക്കുന്നതല്ല."

റഗ്ബീ പാഠശാലയിലെ പ്രഥമാദ്ധ്യാപകന്റെ ഈ സ്മരണ അദ്ദേഹത്തെ എപ്പോഴും അത്യുത്തമനായ

ഒരു ശിഷ്യബന്ധം വാക്കിത്തീർത്തു. ദയാലുത്വം, സൗഹാർദ്ദം എന്നിവ ശിഷ്യഗണത്തോട് പ്രദർശിപ്പിച്ചിട്ടുള്ള മറ്റു ഗുരുക്കന്മാർ ഉണ്ടായിരുന്നുവോ എന്നു സംശയമാണ്. ഈ ദയാസ്നേഹങ്ങൾ പരിപൂർണ്ണമായി തന്റെ ശിഷ്യന്മാക്കു പ്രയോജനപ്പെടണം എന്നുള്ള പ്രത്യേകശ്രദ്ധ അദ്ദേഹത്തിനു എപ്പോഴും ഉണ്ടായിരിക്കുകയും ചെയ്തു. അതനുസരിച്ച് പാഠശാലയിലെ വിദ്യാർത്ഥികളെ അദ്ദേഹം സംഘടിപ്പിച്ച് തന്റെ പാഠ്യവിഷയങ്ങൾ, [1] അഭ്യസനരീതി എന്നിവയെപ്പറ്റി അവരെ യഥാകാലം മനസ്സിലാക്കിക്കൊടുക്കുക, അദ്ദേഹം നിയമേന അനുഷ്ഠിച്ചുപോന്നു. അവർക്കു ന്യായമായ സ്വാതന്ത്ര്യം എല്ലാവിധത്തിലും അനുവദിക്കുന്നതാണെന്നും പ്രഹരശിക്ഷ കുറയ്ക്കുന്നതാണെന്നും പ്രഥമാദ്ധ്യാപകനിൽനിന്നു തന്നെ അവർക്കു കേൾക്കുവാൻ ഇടയായപ്പോൾ ഉണ്ടായ സന്തോഷം അവർണ്ണനീയമായിരുന്നു. "നിങ്ങൾ [2] സർവ്വഥാ സ്വതന്ത്രരാണെന്നു കരുതിക്കൊള്ളുക. എന്നാൽ നിങ്ങൾ ഗൗരവമേറിയ ചുമതലകൾ വഹിക്കുന്നവരുമാണ്. നിങ്ങൾ മാന്യപൗരന്മാർ തന്നേയാണ്. നിങ്ങളുടെ സ്വഭാവാദികളുടെ നിയന്ത്രണത്തെ ഞാൻ നിങ്ങൾക്കു

---

1. അഭ്യസനരീതി = പഠനരീതി.

2. സർവഥാ = എല്ലാപ്രകാരത്തിലും,

തന്നെ വിട്ടതന്നിരിക്കുന്നു. ഏതെങ്കിലും വിധത്തിലുള്ള കഠിനശിക്ഷകളം നൽകി നിങ്ങളെ സന്മാർഗ്ഗത്തിലേക്കു ബലാൽക്കാരമായി പിടിച്ചുകൊണ്ടു വരുന്നതിനല്ലാ, സ്വാഭാവികമായി നിങ്ങളുടെ ഹൃദയം സന്മാർഗ്ഗനിഷ്ഠയിലേക്കു ചായിക്കുന്നതിനാണു് എന്റെ ശ്രമം".

ഒരു ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെ വാക്കുകൾ അതിനുമുമ്പു് യാതൊരു പാഠശാലയിലെ വിദ്യാർത്ഥികളും ഈവിധത്തിൽ കേട്ടിട്ടില്ലായിരുന്നു. നിസ്സാരങ്ങളോ ഗൗരവമേറിയവയോ ആയ കുറ്റങ്ങൾക്കു തക്ക ശിക്ഷകൾ നൽകുന്ന വിദ്യാലയാധിപർ ധാരാളം ഉണ്ടായിരിക്കാം: എന്നാൽ ആർനാൾഡിനെപ്പോലെ ഇത്രത്തോളം ഋജുവും ലളിതവും ആയവിധത്തിൽ തന്റെ[1]ഇങ്ഗിതം വെളിപ്പെടുത്തി സ്വഭാവരണം നടത്തുന്ന ഗുരുക്കന്മാർ അപൂർവ്വമായിരിക്കുമല്ലോ. കുറ്റംചെയ്യുന്ന വിദ്യാർത്ഥികൾ ആർനാൾഡിന്റെ സമീപത്തേക്കു കൊണ്ടുപോകപ്പെട്ടാൽ അദ്ദേഹം അവരെ ക്രിമിനൽ പുള്ളികളായിട്ടല്ല, സ്വഭാവപരിപൂർണ്ണത എത്തിയിട്ടില്ലാത്ത ബാലന്മാരായിത്തന്നെയാണു ഗണിക്കാറുള്ളതു് എന്ന കഥ അക്കാലത്തു് സുപ്രസിദ്ധമായിരുന്നു.

---

1. ഇങ്ഗിതം = അഭിപ്രായം.

റഗ്ബീ സ്കൂളിലുണ്ടായിരുന്ന അനേകശതം വിദ്യാർത്ഥികളെ അദ്ദേഹം സ്വന്തം കുട്ടികളെപ്പോലെതന്നെ കരുതിപോന്നു. ഒരിക്കൽ അദ്ദേഹം തന്റെ സഹായാദ്ധ്യാപകനോട് ഒരു കുട്ടിയെപ്പറ്റി ഇങ്ങനെ പറകയുണ്ടായി. "അവനു വല്ല സുഖക്കേടും വരുന്നപക്ഷം, എനിക്കു വളരെ സങ്കടമുണ്ടാകും". പാഠ്യഭാഗങ്ങളും മനസ്സിലാകാതെ വിഷമിക്കുന്ന വിദ്യാർത്ഥികൾക്കു സ്കൂൾവിട്ടതിനു ശേഷമുള്ള സമയത്തും വേണ്ടപോലെ പറഞ്ഞുകൊടുക്കുന്നതിനു അദ്ദേഹം സന്നദ്ധനായിരുന്നു. അദ്ധ്യാപകനേതാവായ ഒരു മാന്യൻ ഇത്രത്തോളം ഉൽക്കണ്ഠയും ഉത്സാഹവും ശിഷ്യരുടെ ശ്രേയസ്സുദ്ദേശിച്ചു വഹിക്കുമ്പോൾ വിദ്യാർത്ഥികൾക്കു [1] ഉദാസീനതയുണ്ടാവുകയെന്നതു കേവലം അസ്വാഭാവികമാണല്ലോ. അവർ എല്ലാപേരും ആർനാൾഡിന്റെ നിയന്ത്രണത്തിൽ യോഗ്യന്മാരും പണ്ഡിതന്മാരും സന്മാർഗ്ഗനിഷ്ഠരും ആയിത്തീർന്നു. പ്രകൃത്യാതന്നെ അലസരും ദുർബുദ്ധികളും ആയ കുട്ടികൾപോലും ആർണാൾഡിനെ നിരാശനാക്കരുതു് എന്ന വിചാരത്താൽ മാത്രം കൃത്യനിഷ്ഠ, പരിശ്രമശീലം, സൽസ്വഭാവം എന്നിവയോടെ വളർന്നുവന്നതായി പറയപ്പെടുന്നു.

---

1. ഉദാസീനത = മടി.

വിദ്യാർത്ഥികൾ പള്ളിക്കൂടം ഒഴിവുകാലങ്ങളിൽ ഹെഡ്മാസ്റ്ററെ വിട്ടുപിരിഞ്ഞു താമസിക്കുമ്പോൾ നിരന്തരം അദ്ദേഹത്തിനു കത്തിടപാടുകൾ നടത്തി വന്നു. അവരിൽ ആരുടെ കത്തിനും അദ്ദേഹം മറുപടി അയയ്ക്കാതിരുന്നിട്ടില്ല. പ്രതിവർഷം വിദ്യാർത്ഥികൾ വർദ്ധിച്ചിട്ടുപോലും അവരുടെ കത്തുകൾക്കു് നിരന്തരം മറുപടി അയയ്ക്കുവാൻ അദ്ദേഹം പ്രദർശിപ്പിച്ച കൃത്യനിഷ്ഠ കണ്ടു് പലരും അത്ഭുതപരവശരായിട്ടുണ്ടു്.

സ്മരണം സംബന്ധിച്ചിടത്തോളം പ്രായപൂർത്തിയുള്ള കുട്ടികളെ ആർണാൾഡ് വിശ്വസിക്കുകയും അവരുടെ മുമ്പാകെയിൽ ഗൗരവമേറിയ കാര്യങ്ങൾ പോലും വിട്ടുകൊടുക്കുകയും ചെയ്തുവന്നു. അക്കാലത്തു ആ സ്കൂളിലെ ഉയർന്ന ക്ലാസ്സ് ആറാമത്തെ ഫാറം ആയിരുന്നു. ആറാംഫാറത്തിലെ വിദ്യാർത്ഥികൾക്കു എത്രകാലത്തോളം അദ്ദേഹത്തിൽ വിശ്വാസമുണ്ടായിരിക്കുമോ, അത്രയും കാലത്തേക്കു് ഇംഗ്ലണ്ടിലുള്ള യാതൊരു മറ്റുദ്യോഗവും അദ്ദേഹത്തിനു് അഭിലഷണീയമാകുകയില്ല എന്നു് അദ്ദേഹം ഒരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

പാഠ്യവിഷയങ്ങളിലും സ്മരണത്തിലും മാത്രമല്ല, ആർണാൾഡ് പ്രശസ്തനായിട്ടുള്ളതു്. അദ്ദേഹം വിദ്യാർത്ഥികളുടെ കായിക വിനോദങ്ങളെ നല്ലപോലെ

പ്രോത്സാഹിപ്പിച്ചുവന്ന ഒരു വിദ്യാഭ്യാസ പ്രവർത്തക നായിരുന്നു. അദ്ദേഹത്തെപ്പറ്റി കേട്ടറിഞ്ഞിട്ടുള്ള ആളകം കായികവിനോദസമയത്തു് ആ പള്ളിക്കൂടത്തിൽ എത്തിയാൽ, കളികളിൽ കുട്ടികളുടെ നേതാവായി കാണപ്പെടുന്ന ആ മനുഷ്യനാണു അത്ര വലിയ ഒരു വിദ്യാശാലയുടെ ഏകാധിപൻ എന്നു് ഒരിക്കലും മനസ്സിലാക്കുകയില്ല.

തോമസ് ആർണാൾഡിനു വിദ്യാർത്ഥികളോടുണ്ടായിരുന്ന സ്വാധീനശക്തി അത്ര മഹത്തായിരുന്നതിനാൽ അവരിൽ ആരും തന്നെ അനന്തരജീവിതത്തിൽ അദ്ദേഹത്തെ മറക്കുകയുണ്ടായിട്ടില്ല. റഗ്ബീ ഹൈസ്കൂളിൽ നിന്നും അക്കാലത്തു് അഭ്യാസനം കഴിഞ്ഞുപോയിട്ടുള്ള അനേകമനേകം ചെറുപ്പക്കാർ ഗൗരവമേറിയ പല ചുമതലകളും നിർവ്വഹിച്ചിട്ടുണ്ടു്. അവരെല്ലാപേരും ആർനാൾഡിനെപ്പറ്റി എത്രയും സ്നേഹാദരങ്ങളോടെ മാത്രമേ ഏതൊരു പ്രസ്താവനയും നടത്തിയിട്ടുള്ളൂ. അവർ എല്ലാപേരുംതന്നെ, തങ്ങളുടെ ജീവിതവിജയത്തിനു [1] ഹേതുഭൂതനായിനിന്നതു റഗ്ബിയിലെ

---

[1] ഹേതുഭൂതൻ = കാരണഭൂതൻ.

പ്രഥമാദ്ധ്യാപകൻ ആണെന്നു സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ട്.

ആദർശപരമായ വിധത്തിൽ അദ്ധ്യാപനകൃത്യം നിർവ്വഹിച്ചും ഭാവി പൌരന്മാരായ വിദ്യാർത്ഥികളെ ഗൗരവമേറിയ [1] ജീവിതസരണികളിൽ വിജയത്തോടെ പ്രവേശിക്കുവാൻ മാതൃക കാട്ടിക്കൊടുത്തും ഇപ്രകാരം സ്വകർത്തവ്യം നിർവ്വഹിച്ചുപോന്ന ഈ പ്രശസ്ത ഗുരുനാഥൻ തന്റെ നാല്പത്തിയേഴാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞുവെന്നതു് എത്ര ദാരുണമായ ഒരു സംഗതിയാണു്! റഗ്ബി ഹൈസ്കൂളിലെ ചേപ്പൽ അഥവാ ആരാധനസ്ഥലത്തെപ്പറ്റി ആർനാൾഡിന്റെ പുത്രനായ മാത്യു ആർണാൾഡ് എന്ന [2] വിഖ്യാതസാഹിത്യകാരൻ രചിച്ചിട്ടുള്ള ചെറുകവിത പ്രസ്തുത കഥാപുരുഷന്റെ ജീവിതത്തിലുള്ള

---

1. ജീവിതസരണി = ജീവിതമാർഗ്ഗം

2. വിഖ്യാതസാഹിത്യകാരൻ = പ്രശസ്ത സാഹിത്യകാരൻ

പരിഷ്കരിക്കും പ്രയോജനത്തിന്നും ഒന്നാംതരം സാക്ഷ്യം വഹിക്കുന്നുണ്ട്.

ചോദ്യങ്ങൾ

1. തോമസ് ആർനോൾഡ് റഗ്ബീ ഹൈസ്കൂളിൽവരുത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമായിരുന്നു?

2. റഗ്ബീ ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററും വിദ്യാർത്ഥികളും തമ്മിലുള്ള പെരുമാറ്റം ഏതു രീതിയിലായിരുന്നു എന്ന് വിശദമാക്കുക?

അദ്ധ്യായം 3

ജഗദീശചന്ദ്രബോസ്

പ്രസിദ്ധസസ്യശാസ്ത്ര [1] വിശാരദനായ സർ ജഗദീശ ചന്ദ്രബോസിനെപ്പററി നിങ്ങളെല്ലാം കേട്ടിരിക്കാം. ലോകനന്മയ്ക്കായി ജീവിതം അർപ്പിച്ചിട്ടുള്ള അപൂവ്വം ചില മഹാത്മാക്കളിൽ ഒരുവനായിരുന്നു അദ്ദേഹം.

1858 നവംബർ മാസം മൂന്നാംതീയതി കിഴക്കേ ബംഗാളത്തിൽപെട്ട ഡാക്കാ ജില്ലയിലാണ് നമ്മുടെ കഥാനായകൻ ജനിച്ചത്തു്. അദ്ദേഹത്തിന്റെ പിതാവായ ഭഗവാൻ ചന്ദ്രബോസ് അവിടത്തെ വലിയ ഒരു ഉദ്യോഗസ്ഥനായിരുന്നു. സമർത്ഥനും നീതിനിഷ്ഠനുമായ ഭഗവൻ ചന്ദ്രബോസ് എല്ലാവരുടേയും സ്നേഹബഹുമാനങ്ങളെ സമാജ്ജിച്ചിരുന്നു. സാധുസംരക്ഷണത്തിലും ആതുര ശുശ്രൂഷണത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന ഔത്സുക്യം [2] വംഗഭൂമിയിൽ എങ്ങും പ്രസിദ്ധമാണ്.

---

1 വിശാരദൻ=സമർത്ഥൻ

2 വംഗഭൂമി=ബംഗാൾ

ജഗദീശൻ ബാല്യം മുതൽക്കു തന്നെ [1]വിജനങ്ങളായ നദീതീരങ്ങളിലും പൂങ്കാവനങ്ങളിലും ചെന്നിരുന്നു പ്രകൃതി തത്വങ്ങളെപ്പറ്റി പരിചിന്തനം ചെയ്കപതിവായിരുന്നു. ഇക്കാലത്തു് അദ്ദേഹത്തിന്റെ പിതാവിന്റെ ഉദ്യോഗസ്ഥലം ഫാറദ്പൂരമായിരുന്നു. അവിടെ പദ്മാനദിയുടെ തീരത്തിൽ ആയിരുന്ന അദ്ദേഹത്തിന്റെ വസതി. [2]പുഷ്പലതാദികളാൽ [3]ആവൃതമായ അതിന്റെ പരിസരപ്രദേശങ്ങളും ബാലനായ ജഗദീശനു് അത്യാനന്ദപ്രദങ്ങളായിരുന്നു.

ജഗദീശൻ വിദ്യാഭ്യാസജീവിതം ആരംഭിച്ചതു് ഫാറദ്പൂരത്തിലെ നാട്ടുഭാഷാവിദ്യാലയത്തിലായിരുന്നു. നാലുവർഷം അവിടെ പഠിച്ചതിനുശേഷം കൽക്കട്ടായിൽ പോയി ഇംഗ്ലീഷ്ഭാഷാഭ്യസനം ആരംഭിച്ചു. കൽക്കട്ടയിൽ ഒരു ഹോസ്റ്റലിലാണു് അദ്ദേഹം താമസിച്ചിരുന്നതു്. അവിടേയും ചെടികളും നട്ടുപിടിപ്പിക്കുന്നതിലും പക്ഷി മൃഗാദികളെ വളർത്തുന്നതിലും അദ്ദേഹം വമ്പിയ കൗതുകം പ്രദർശിപ്പിച്ചു.

---

1. വിജനമായ = ജനസഞ്ചാരമില്ലാത്ത
2. പുഷ്പലതാദികളാൽ ആവൃതമായ = പൂഷ്പങ്ങളാലും വള്ളികളാലും മൂടപ്പെട്ട.
3. ആവൃതമായ = മൂടപ്പെട്ട

പതിനാറാമത്തെ വയസ്സിൽ ജഗദീശൻ മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി കാളേജ് വിദ്യാഭ്യാസം ആരംഭിച്ചു. ഭൗതികശാസ്ത്രം (Physics) ആയിരുന്നു ഐച്ഛിക വിഷയം. അതിൽ അദ്ദേഹം അസാമാന്യമായ സാമർത്ഥ്യം പ്രദർശിപ്പിക്കുകയും ചെയ്തു. ബി. എ. പാസായതിനുശേഷം വൈദ്യശാസ്ത്രം അഭ്യസിക്കുന്നതിനായി ഇംഗ്ലണ്ടിലേക്കു പോയി. അവിടെ എത്തി വൈദ്യശാസ്ത്രപഠനം ആരംഭിക്കുകയും പ്രാഥമിക പരീക്ഷയിൽ പ്രശസ്തമാംവണ്ണം വിജയം നേടുകയും ചെയ്തു. എന്നാൽ ശസ്ത്രക്രിയാലയത്തിലെ ഗന്ധം അദ്ദേഹത്തെ അതിയായി വിഷമിപ്പിച്ചു. കഠിനമായ ജ്വരംപിടിപെടുന്നതിനും ആ പരിശീലനം നിറുത്തുന്നതിനും ഇടയായി. അനന്തരം കേംബ്രിഡ്ജിൽ പോയി ശാസ്ത്രാഭ്യസനം നടത്താമെന്നു് അദ്ദേഹം തീർച്ചയാക്കി. കേംബ്രിഡ്ജിൽ ക്രൈസ്റ്റ്സ് കാളേജിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ പ്രകൃതിശാസ്ത്രപരമായി പല പ്രസംഗങ്ങളും അദ്ദേഹം നടത്തുകയാൽ ജേ. സി. ബോസ് എന്ന പേർ പ്രസിദ്ധമായിത്തീർന്നു.

വേണ്ടുവോളം പരീക്ഷായോഗ്യതകളും സമ്പാദിച്ചതിനുശേഷം ജേ. സി. ബോസ് ഇന്ത്യയിലേയ്ക്കു മടങ്ങി. അന്നു വൈസ്രായിയായിരുന്ന റിപ്പൺപ്രഭുവിന്റെ സഹാ

യത്താൽ അദ്ദേഹം കൽക്കട്ടയിൽ പ്രസിഡൻസി കോളേജിലെ ഒരു ഫിസിക്സ് പ്രഫസറായി നിയമിക്കപ്പെട്ടു. എന്നാൽ മൂന്നുകൊല്ലം കഴിഞ്ഞതിനുശേഷമാണ് അദ്ദേഹത്തിനു യൂറോപ്യൻ പ്രഫസറന്മാർക്കു തുല്യമായ ശമ്പളം ലഭിച്ചുതുടങ്ങിയത്. അതുവരെ ശമ്പളം സ്വീകരിക്കുന്നതിനു അദ്ദേഹം ഒരുങ്ങിയില്ല.

അധികം താമസിയാതെ ബോസിന്റെ മാതാപിതാക്കന്മാർ [1] കാലധർമ്മംപ്രാപിച്ചു. [2] ഔദാര്യവാനായ പിതാവിനു വന്നുകൂടിയ വലിയ കടംമൂഴുവൻ അദ്ദേഹം ജീവിച്ചിരിക്കുമ്പോൾതന്നെ ബോസ് തീർക്കുകയുണ്ടായി.

1895-ബോസിന്റെ ജീവിതത്തിൽ അതിപ്രധാനമായ ഒരു കാലമായിരുന്നു. അക്കൊല്ലമായിരുന്നു വൈദ്യുതപ്രവാഹത്തെപ്പറ്റി പുതിയ ചില തത്വങ്ങൾ അദ്ദേഹം കണ്ടുപിടിച്ചുതുടങ്ങിയത്. ഇതു സംബന്ധിച്ചു ലണ്ടൻ സർവ്വകലാശാല അദ്ദേഹത്തിനു 'ഡാക്ടർ അഫ് സയൻസ്' എന്ന ഡിഗ്രി നൽകുകയും, പല പാശ്ചാത്യശാസ്ത്രജ്ഞന്മാരും അനുമോദനപത്രങ്ങൾകൊണ്ടു അദ്ദേഹത്തെ

---

1. കാലധർമ്മം = മരണം
2. ഔദാര്യവാൻ = ഉദാരശീലൻ

ബഹുമാനിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ കീർത്തി ദൈനംദിനം ലോകമെങ്ങും വ്യാപിക്കുവാൻ തുടങ്ങി. ശാസ്ത്രീയഗവേഷണങ്ങളിൽ ഭാരതീയർ പാശ്ചാത്യരെ അപേക്ഷിച്ചു് ഒട്ടും പിന്നോക്കമല്ലെന്നു് ആദ്യമായി വെളിപ്പെടുത്തിയതു് മി. ബോസാണു്. വിദ്യുച്ഛക്തിയെ സംബന്ധിച്ചു് അദ്ദേഹം എഴുതിയ ലേഖനങ്ങളും അദ്ദേഹത്താൽ കണ്ടുപിടിക്കപ്പെട്ട യന്ത്രങ്ങളും ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ വലുതായ അത്ഭുതം ഉളവാക്കി.

ഇംഗ്ലണ്ടിൽപോയി ശാസ്ത്രജ്ഞന്മാരുമായി ചില സംഗതികളെപ്പറ്റി പര്യാലോചിച്ചാൽ കൊള്ളാമെന്നു് ഇക്കാലത്തു് ബോസിനു് ഒരാഗ്രഹം ഉണ്ടായി. അതിലേക്കു് ആവശ്യമുള്ള പണവും ഒരു കൊല്ലത്തെ അവധിയും ഗവണ്മെൻറിൽനിന്നു് അനുവദിക്കുകയും ചെയ്തു. മി. ബോസ് ഇംഗ്ലണ്ടിൽ എത്തിയപ്പോൾ പല വിദ്വാന്മാരും അദ്ദേഹത്തെ എതിരേറ്റു സംഭരിക്കുവാൻ കാത്തുനിൽക്കുകയായിരുന്നു. അദ്ദേഹം കണ്ടുപിടിച്ചിട്ടുള്ള യന്ത്രങ്ങളും വിലയ്ക്കു വാങ്ങുവാൻ ചുറ്റിക്കൂടിയ കമ്പനി ഏജന്റന്മാരും അസംഖ്യമായിരുന്നു. എന്നാൽ അദ്ദേഹം തന്റെ കണ്ടുപിടിത്തങ്ങളെ ധനസമ്പാദനത്തിനുള്ള ഒരു മാർഗ്ഗമായി കരുതിയിരുന്നില്ല. ആ യന്ത്രങ്ങളും ലോകനന്മയ്ക്കായി ആക്കും നിർമ്മിക്കാൻ അനുവാദമുണ്ടെന്നും, താൻ യാതൊരു പ്രതിഫലവും ഇച്ഛിക്കുന്നില്ലെന്നും

ആണ് അദ്ദേഹം മറുപടിപറഞ്ഞത്. നിസ്വാർത്ഥമായ ലോകസേവനമായിരുന്നു ആ മഹാപുരുഷന്റെ ആദർശം.

ഇംഗ്ലണ്ടിൽ താമസിക്കുന്ന കാലത്തു യൂറോപ്പിന്റെ നാനാഭാഗങ്ങളിൽനിന്നും അദ്ദേഹത്തിനു ശാസ്ത്രജ്ഞന്മാരുടെ ക്ഷണം ലഭിച്ചു. അദ്ദേഹം യൂറോപ്പിൽ പല രാജ്യങ്ങളിലും സഞ്ചരിച്ചു് അനേകം സർവകലാശാലകളിൽ പ്രസംഗിക്കുകയും, എപ്പോഴുമേയും [1] അഭിനന്ദനത്തിനു പാത്രമായിത്തീരുകയും ചെയ്തു.

ഇന്ത്യയിലേക്കു തിരിച്ചുവന്നതിനുശേഷം, ഒരു [2] ഗവേഷണശാല സ്ഥാപിച്ചാൽ കൊള്ളാമെന്നു് ബോസ് അതിയായി ആഗ്രഹിച്ചു. അന്നു വൈസ്രായിയായിരുന്ന എൽജിൻപ്രഭു, അതിലേക്കുവേണ്ട ധനസഹായം ചെയ്യുന്നതിനെപ്പറ്റി ഡിപ്പാർട്ടുമെൻറുമായി ആലോചനകൾ നടത്തിയെങ്കിലും ബോസിന്റെ വിരോധികളായ ചില ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാരുടെ ശ്രമത്താൽ അതു ഫലപ്പെട്ടില്ല. എന്നാൽ ബോസ് മിതമായരീതിയിൽ ജീവിതം നയിച്ചുകൊണ്ടു് തന്റെ ശമ്പളത്തിന്റെ

---

1. അഭിനന്ദനം = പ്രശംസ

2. ഗവേഷണശാല = പരീക്ഷണശാല

ഗണ്യമായ ഒരംശം മിച്ചംവയ്ക്കുകയാൽ, ഇന്നു ലോക പ്രസിദ്ധമായ 'ബോസ് ഇൻസ്റ്റിറ്റ്യൂട്ട്' സ്ഥാപിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഇക്കാലത്തു് വിദ്യുച്ഛക്തിയെപ്പറ്റി ക്ലൃപ്തതലായി പല പരീക്ഷണങ്ങളും നടത്തുകയും, ലോഹങ്ങളിൽ വിദ്യുച്ഛക്തി പ്രവേശിക്കുമ്പോളുണ്ടാകുന്ന അവസ്ഥാന്തരങ്ങളെക്കുറിച്ചു് പുതുതായി പലതും കണ്ടുപിടിക്കുകയും ചെയ്തു. കല്ലു മുതലായ[1] അചേതന വസ്തുക്കളിൽപ്പോലും ജീവാണുക്കാംഉണ്ടെന്നും, എന്നാൽ അവ[2] സചേതനവസ്തുക്കളിലെപ്പോലെ പ്രവർത്തനശക്തിയോടു കൂടിയവയല്ലെന്നുംഅദ്ദേഹം തെളിയിച്ചു. ചെടികളുടെ സ്പർശന ശക്തി, അനുഭവശക്തി എന്നിവയെപ്പറ്റിയും അദ്ദേഹം പലതും നൂതനമായി കണ്ടുപിടിച്ചു.

1900-ൽ ബോസ് വീണ്ടും യൂറോപ്പിലേക്കു തിരിച്ചു. ആദ്യമായി പാരീസ്സിലേക്കാണ് പോയതു്. അവിടെവച്ചു് തന്റെ നൂതന കണ്ടുപിടിത്തങ്ങളെപ്പറ്റി അദ്ദേ

---

1. അചേതനം = ജീവനില്ലാത്ത

2. സചേതനം = ജീവനുള്ള

ഹാ പല പ്രസംഗങ്ങളും ചെയ്തു. കുറെക്കാലം പാരീസ്സിൽ താമസിച്ചതിനു ശേഷം ഇംഗ്ലണ്ടിലേക്കുപോയി, അവിടെയും പല പ്രസംഗങ്ങളും നടത്തി. അദ്ദേഹത്തിന്റെ അത്ഭുതകരങ്ങളായ കണ്ടുപിടിത്തങ്ങളും എല്ലാവരും സ്വീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്തു.

ഇംഗ്ലണ്ടിൽ താമസിക്കുന്നകാലത്തു് അദ്ദേഹത്തിനു വലിയ ഒരു സുഖക്കേടു പിടിപെട്ടു. അതുകൊണ്ടു രണ്ടു മാസക്കാലം ഗവേഷണജോലികളും തുടരുന്നതിനു് അദ്ദേഹത്തിനു കഴിഞ്ഞില്ല. അനന്തരം വീണ്ടും പരീക്ഷണങ്ങളിൽ ഏർപ്പെട്ടു. ചെടികളിൽ വിഷദ്രാവകം കുത്തിവച്ചു് അവയുടെ മരണവേദനയെ അദ്ദേഹം രേഖപ്പെടുത്തി. സുഖക്കേടു പിടിപെട്ട ചെടികളിൽ ഔഷധം കുത്തിവച്ചു് അവയെ സുഖപ്പെടുത്താമെന്നും തെളിയിച്ചു. ലോഹങ്ങളിൽ വിഷം കുത്തിവയ്ക്കുമ്പോൾ അവയ്ക്കും ചില വ്യത്യാസങ്ങൾ ഉണ്ടാകുന്നുണ്ടെന്നു് പ്രത്യക്ഷമാക്കി. ആദ്യം ബോസിനു് പല എതിർപ്പുകളും നേരിടേണ്ടിവന്നെങ്കിലും, ക്രമേണ എല്ലാശാസ്ത്രജ്ഞന്മാരും അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും സ്വീകരിച്ചു.

ഇൻഡ്യയിലേക്കു മടങ്ങിയതിനുശേഷവും ബോസ് തന്റെ ഗവേഷണങ്ങളും തുടർന്നുവന്നു. 1902-ൽഡൽഹി

---

1. അഭിനന്ദിക്കുക = പുകഴ്ത്തുക

യിൽവച്ച് നടന്ന ഡർബാറിൽ സി. ഐ. ഈ. എന്ന സ്ഥാനം അദ്ദേഹത്തിനു നൽകപ്പെട്ടു.

ദേശസഞ്ചാരത്തിലും ബോസിനു് അതിയായ കൗതുകമുണ്ടായിരുന്നു. ഇൻഡ്യയിൽ പല സ്ഥലങ്ങളിലും സഞ്ചരിച്ചതു കൂടാതെ, മധ്യേഷ്യ, പേർഷ്യ, അറേബ്യ, യൂറോപ്പ്, അമേരിക്ക മുതലായദേശങ്ങളിൽ പല സ്ഥാനങ്ങളും അദ്ദേഹം സന്ദർശിച്ചു.

ഈ ദീർഘസഞ്ചാരങ്ങൾക്കിടയിലും ബോസ് പല പരീക്ഷണങ്ങളും നടത്തിവന്നു. ജീവികളെപ്പോലെ സുഖദുഃഖാനുഭവവും, ഹൃദയസ്പന്ദനവും ചെടികൾക്കുമുണ്ടെന്നു് അദ്ദേഹം യന്ത്രംവഴി പ്രത്യക്ഷപ്പെടുത്തി. ലണ്ടൻ ബർളിൻ മുതലായ സർവകലാശാലകളിൽ അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ യൂറോപ്പിലും അമേരിക്കയിലുമുള്ള ശാസ്ത്രജ്ഞന്മാരെ അത്ഭുതപരതന്ത്രരാക്കിത്തീർത്തു. അമേരിക്കയിൽനിന്നു് പല ക്ഷണങ്ങളും ലഭിക്കയാൽ അദ്ദേഹം അവിടേയും പോയി പല പ്രസംഗങ്ങളുംനടത്തി. ബ്രിട്ടീഷ് ഗവണ്മെൻറു സി. എസ്. ഐ. എന്ന ബിരുദം നൽകി അദ്ദേഹത്തെ ബഹുമാനിച്ചു.

1919-ൽ ഇംഗ്ലണ്ടിൽവച്ചു് ചെടികളുടെ സുഖദുഃഖാനുഭവങ്ങളെ ചലനചിത്രംവഴി പ്രകാശിപ്പിച്ചപ്പോൾ,

പല സസ്യഭുക്കുകളും ഇന്നി എങ്ങനെയാണ് ആഹാരം കഴിക്കുന്നതു് എന്നു അമ്പരന്നു പോയതായികേട്ടിട്ടുണ്ടു്.

വാർദ്ധക്യകാലത്തും ബോസ് തന്റെ ശാസ്ത്രീയ പര്യവേക്ഷണങ്ങളിൽ ഉദാസീനനല്ലായിരുന്നു. മരിക്കുന്നതുവരെ അദ്ദേഹം പരോപകാരാർത്ഥം നിരന്തരം യത്നിച്ചുകൊണ്ടിരുന്നു. എൺപത്തിരണ്ടാമത്തെ വയസ്സിൽ അദ്ദേഹം പരലോകപ്രാപ്തനായപ്പോൾ ലോകമാസകലം അദ്ദേഹത്തോടുള്ള ബഹുമാനത്തെ പ്രകാശിപ്പിക്കാതിരുന്നില്ല. ലോകത്തുള്ള മിക്ക പ്രധാന പത്രങ്ങളും അദ്ദേഹത്തിന്റെ ചരമത്തെ അധികരിച്ചു് മുഖപ്രസംഗങ്ങൾ എഴുതുകയുണ്ടായി.

ചോദ്യങ്ങൾ

1. 1895 ബോസിന്റെ ജീവിതത്തിലെ പ്രധാന ഘട്ടമാണെന്നു പറയുന്നതു് എന്തുകൊണ്ടാണു്? വിവരിക്കുക?
2. ബോസ് ഇൻസ്റ്റിറ്റ്യൂട്ടിലെ പരീക്ഷണങ്ങൾ എന്തെല്ലാമായിരുന്നു?

അദ്ധ്യായം 6

ജോസഫ് ഡാമിയൻ

ജോസഫ് ഡാമിയൻ ബൽജിയംരാജ്യത്തിലെസുപ്രസിദ്ധമായ ടെമലൂസ് എന്ന സ്ഥലത്തു് ക്രിസ്തുവർഷം 1834-ൽ ജാതനായി. ആ ബാലനു് പത്തൊൻപതു വയസ്സു പ്രായമായ കാലത്തു്, പുരോഹിതവൃത്തികളെപ്പറ്റി ലോവിയൻ നഗരത്തിൽ അഭ്യസനം നിർവ്വഹിച്ചുപോന്ന സ്വന്തം ഭ്രാതാവിനെ കാണുന്നതിനായിപോയി അല്പകാലം കഴിഞ്ഞപ്പോൾ ആ സഹോദരനു് രോഗബാധ നിമിത്തം പഠിത്തം തുടരുന്നതിനു സാധിക്കാതെവരികയും അഭ്യസനവിഷയത്തിൽ ജേഷ്ഠന്റെ സ്ഥാനം അനുജൻസ്വീകരിക്കുകയും ചെയ്തു. അനന്തരം 'സൗത്ത്സീ' എന്ന മഹാസമുദ്രത്തിലെ ദ്വീപുകളിൽ മതപ്രചരണവേല നടത്തിക്കൊണ്ടു് ഡാമിയൻ പത്തുകൊല്ലത്തോളം കഴിച്ചുകൂട്ടി.

ഒരു ദിവസം, മൊലോക്കായ് എന്ന ദ്വീപിൽ കുഷ്ഠരോഗബാധിതരായ ഏതാണ്ടു ജനങ്ങൾ ദയനീയമായവിധം കഷ്ടപ്പെടുന്നതിനെപ്പറ്റി ഡാമിയൻഅറിയുന്നതിനിടയായി. രോഗബാധിതരായ ജനങ്ങളുടെ കഷ്ട

തകരം [1] വാചാമഗോചരമായിരുന്നു. അവക്കു [2] സ്നാന പാനാദികർമ്മങ്ങൾക്കുള്ള ജലസൗകര്യവും അവിടെതീരെ ഉണ്ടാ യിരുന്നില്ല. താമസിക്കുന്നതിനു ആരോഗ്യകരമായ ഒരു അന്തരീക്ഷം അവിടെ നിശ്ശേഷം ഇല്ലായിരുന്നു. പുല്ലു മേഞ്ഞ ചെറു കുടിലുകളും, മറവുസ്ഥലങ്ങളും മാത്രമായി രുന്ന ഇവക്കു വസിക്കുവാൻ ഉണ്ടായിരുന്നതു്. മഴക്കാല ങ്ങളിൽ അവർ വർഷംകൊണ്ടുള്ള ഉപദ്രവം സഹിച്ചു പോന്നതു ഏതു കഠിനഹൃദയനേയും ദയാദ്രനാക്കുമെന്ന തിൽ സംശയമില്ല. അവക്കു ശരിയായ ഭക്ഷണം ലഭിക്കു വാൻ ഒരിക്കലും സാധിച്ചതുമില്ല.

രോഗങ്ങളിൽവച്ചു് അത്യന്തം നികൃഷ്ടമായ കുഷ്ഠ രോഗം പകരുന്ന വ്യാധിയാണല്ലോ. അതിനാൽ മൊലോ ക്കായ് ദ്വീപിനു സമീപത്തെങ്ങുംതന്നെ ആരും എത്തി നോക്കുകപോലും ചെയ്തിരുന്നില്ല. ആ സ്ഥിതിക്കു് അവി ടെ താമസിക്കുന്നതിനു് ഒരു മനുഷ്യരും മുതിരുകയില്ല എന്നു വിശേഷിച്ചു പറയേണ്ടതായിട്ടുണ്ടോ? കുഷ്ഠരോ ഗികളെ മാത്രമായി കഴിഞ്ഞുകൂട്ടുന്ന ആ നിവാസകേന്ദ്ര ത്തിലെ ബുദ്ധിമുട്ടുകൾ വർണ്ണിക്കാവതല്ല. ഇത്രത്തോളം മനുഷ്യസഞ്ചയത്താൽ ഭയസങ്കോചങ്ങളോടെ ഉപേക്ഷി

---

1 വാചാമഗോചരം = വാക്കുകൾക്കു് അഗ്രശ്യം

2 സ്നാനപാനാദി = കുളി, കുടി, മുതലായവ

ക്കപ്പെട്ട ആ സ്ഥലത്തേക്കു പോകുവാൻ താൻ തയ്യാറാണെന്നു ഡാമിയൻ തന്റെ മേലധികാരിയായ ബിഷപ്പിനെ അറിയിച്ചു. അധികം താമസിയാതെ, കുഷ്ഠരോഗികളായ അൻപതു മറ്റാളുകളുമൊത്തു് ഈ ദയാശീലൻ മുറയ്ക്കു മൊലോക്കായ് ദ്വീപിലേക്കുയാത്രയായി

ക്യാപ്റ്റൻ കുക്ക് എന്ന ലോകപ്രസിദ്ധനായ ദേശസഞ്ചാരിയാൽ 1788-ൽ കണ്ടു പിടിക്കപ്പെട്ട ഒരു ദ്വീപത്രേ 'മൊലോക്കായ്". ഈ ദ്വീപിലേക്കു കുഷ്ഠരോഗം സഞ്ചാരികളാൽ കൊണ്ടു വരപ്പെട്ടതായിട്ടാണു് പറയുന്നതു്. ഏകദേശം പതിനെട്ടാം ശതവർഷത്തോടുകൂടി ഈ രോഗം മൻപറഞ്ഞ ദ്വീപിൽ ക്രമേണ ബാധിച്ചു. പ്രതിവിധിക്കുള്ള യാതൊരു ശ്രമങ്ങളും നടത്തായ്കയാൽ ഈ രോഗം ക്രമേണ വ്യാപിച്ചുതേയുള്ളു. ഒടുവിൽ കുഷ്ഠരോഗികളെ അന്യരാജ്യങ്ങളിൽനിന്നു മാറ്റിത്താമസിപ്പിക്കുന്നതു ഈ ദ്വീപിൽതന്നെയായി. രോഗികളെ തങ്ങളുടെ എത്രയും പ്രിയപ്പെട്ട ബന്ധുജനങ്ങളിൽനിന്നകറ്റി നിസ്സഹായരാക്കി ഈ ദ്വീപിൽകൊണ്ടുപോയി വിടുന്ന കഥ എത്ര ദയനീയമാണെന്നു് ഏവരും ആലോചിച്ചാൽ മനസ്സിലാക്കാം.

ഡാമിയനു് അക്കാലത്തുമുപ്പത്തിരണ്ടുവയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു. എന്നാൽ യുവസാധാരണങ്ങളായ

യാതൊരു ലൗകീകസുഖങ്ങളിലും അദ്ദേഹത്തിന്റെ മനസ്സു പതിയാതെ, മൊലോക്കായ് ദ്വീപിലെ കുഷ്ഠ രോഗികളെ രക്ഷിക്കുക എന്ന ഏകോദ്ദേശ്യത്തോടെ അദ്ദേഹം പ്രസ്തുതസ്ഥലത്തേയ്ക്ക് തിരിച്ചു. ആ സ്ഥല ത്തെത്തിയാൽ തനിക്കു തിരിച്ചുപോരുവാൻ സാധിക്കയി ല്ലെന്നും അവിടെത്തന്നെ തന്റെ അന്ത്യദശവരെകഴിച്ചു കൂട്ടേണ്ടിവരുമെന്നും എങ്ങനെയോ അദ്ദേഹത്തിനു മുൻ കൂട്ടി അറിവുള്ളതുപോലെ കാണപ്പെട്ടു. ഡാമിയൻ ഇപ്ര കാരം പുറപ്പെട്ടു യഥാകാലം മൊലോക്കായ് ദ്വീപിൽ എത്തി. അവിടെ അദ്ദേഹത്തിന്റെ വരവിൽ സ്വാഗതം അരുളുന്നതിനോ അദ്ദേഹത്തെ ഉചിതമായി സൽക്കരിക്കു ന്നതിനോ ആരും തന്നെ ഉണ്ടായിരുന്നില്ല. അദ്ദേഹ ത്തിന്റെ താമസത്തിനു വേണ്ട സുഖസൗകര്യങ്ങളുള്ള ഒരൊറ്റ ഭവനംപോലും ആ പ്രദേശത്തെങ്ങും ഉണ്ടായി രുന്നില്ല. ആദ്യത്തെ ദിവസം അദ്ദേഹം ആസ്ഥലത്തു ഒരു വൃക്ഷത്തിന്റെ ചുവട്ടു തന്നെ [1] വാസഭവനമായി തിര ഞ്ഞെടുത്തു. പിറെറ ദിവസം ആ മനുഷ്യസ്നേഹി നാട്ടു ചുറ്റിക്കാണുന്നതിനായി ,തിരിച്ചു. എന്നാൽ അദ്ദേഹം കണ്ട കാഴ്ചകൾ അത്യന്തം ഭയനീയമായിരുന്നു. കുഷ്ഠരോഗികളായ ആ ദ്വീപനിവാസികളുടെ താമസ സ്ഥലങ്ങൾ വളരെ ഇടുങ്ങിയവയുംകാറ്റോ വെളിച്ചമോ

1. വാസഭവനം = വാസസ്ഥലം

പ്രവേശിക്കത്തക്ക യാതൊരുസൗകര്യവും ഇല്ലാത്തവയും ആയിരുന്നു. അവക്കു കൂളിക്കുവാനാകട്ടെ, കുടിക്കുവാനാകട്ടെ ശുദ്ധജലം കിട്ടുന്നതിനു യാതൊരു [1] പഴുതുംകാണപ്പെട്ടില്ല. ഈ സങ്കടകരമായ പരിതസ്ഥിതിയിൽ [2] ആതുരന്മാരുടെ സംഖ്യ വർദ്ധിക്കുക ക്രമേണയാണെന്നു അദ്ദേഹം അറിഞ്ഞപ്പോൾ തോന്നിയ വ്യസനത്തിനും നിരാശയ്ക്കും അളവില്ലായിരുന്നു.

അനന്തരം, അദ്ദേഹം ആദ്യമായി കുഷ്ഠരോഗികളുടെ ശുശ്രൂഷണ പരിപാടിയായി നിർവഹിച്ച പ്രധാന കൃത്യം ആ നാട്ടിൽ ജലസൗകര്യമുണ്ടാക്കുക എന്നതായിരുന്നു. സാധാരണയായി ദൂരസ്ഥലങ്ങളിൽനിന്നും വെള്ളം അവിടെ കുടങ്ങളിൽ ചുമന്നു കൊണ്ടുപോരികയായിരുന്നു, പതിവു്. കഷ്ടിച്ചു കുടിക്കുന്നതിനു മാത്രമല്ലാതെ ദൂരസ്ഥലത്തുനിന്നു വെള്ളംകൊണ്ടുവരിക എന്നതു് സാദ്ധ്യമല്ലല്ലോ. അദ്ദേഹത്തിന്റെ സവാരികൾക്കിടയ്ക്കു സമീപത്തായി ഒരു കുന്നിന്റെ മുകളിൽ ഒരു ഉറവുണ്ടായിരുന്നതു ഫാദർ ഡാമിയൻ കണ്ടുപിടിച്ചു. മുറയ്ക്കു ജലവാഹിനിക്കുഴലുകൾ അദ്ദേഹം ആ നാട്ടിൽ വരുത്തി

---

1 പഴുതു് = മാർഗ്ഗം.

2. ആതുരന്മാർ = രോഗികൾ

രോഗികളിൽ ബലവാന്മാരായവരുടെ സഹായത്തോടെ ഈ കുഴലുകൾ അദ്ദേഹം തറയ്ക്കുള്ളിൽവച്ചുപിടിപ്പിച്ചു. ഈ ഉദ്യമം നിമിത്തം ആ നാട്ടിലുള്ള സകല ജനങ്ങൾക്കും സ്നാനപാനാദികൾക്കു് ധാരാളം ജലം ലഭിച്ചു.

അടുത്തതായി ഫാദർഡാമിയന്റെ ദൃഷ്ടിപതിഞ്ഞതു് ആ നാട്ടിലുള്ളവരുടെ, [1] ലഹരിസാധനത്തിന്റെ, നിരന്തരോപയോഗത്തിലായിരുന്നു. അവിടങ്ങളിൽ 'കീ" എന്നു പറയപ്പെട്ടപോന്ന ഒരുതരം ചെടിയുണ്ടായിരുന്നു. ഈ ചെടിയുടെ വേരിൽനിന്നു ഒരുവക ദ്രവദ്രവ്യം വാറ്റിയെടുത്തു ലഹരിസാധനമായി നാട്ടുകാരെല്ലാം ഉപയോഗിക്കാറുണ്ടായിരുന്നു, ഈ ലഹരിദ്രവ്യത്തിന്റെ ഉപയോഗം രാജ്യനിയമംമൂലം തടുക്കപ്പെട്ടിരുന്നുവെങ്കിലും, ജനങ്ങൾ നിയമത്തിനു് അത്രത്തോളംപ്രാധാന്യം കല്പിച്ചുവന്നില്ല. എന്നാൽ ഫാദർഡാമിയൻ ഈ ലഹരിസാധനത്തിന്റെ ഉപയോഗത്തെ കഠിനമായിഎതിർത്തു. ആദ്യകാലങ്ങളിൽ അദ്ദേഹം [3] പരാജിതനായിഎങ്കിലും,.

---

1 ലഹരി സാധനം = തലയ്ക്കു പിടിക്കുന്ന സാധനം

2 കർശനമായി = നിർബന്ധമായി

3 പരാജിതനായി = തോല്പിക്കപ്പെട്ടവനായി

കാലാന്തരത്തിൽ ഡാമിയന്റെ ഉദ്യമം വിജയത്തിൽ കലാശിക്കുതന്നെ ചെയ്തു.

ഫാദർഡാമിയൻ അനന്തരം, ആ നാട്ടിലെ ഒരു ഖക ചുഴലിക്കാറ്റിൽ നിന്നു നാട്ടുകാരെ രക്ഷിക്കുന്നതിനു ശ്രമിക്കുകയായി. ഈ [1] ചക്രവാതത്തിന്റെ ആക്രമണത്തിൽ, സകല കുടിലുകളും ഒന്നിച്ചു് പറന്നുപൊയ്പോവുക പതിവായിരുന്നു. ബലമുള്ള തടികളേ മേൽക്കുരയോ ഇല്ലാതെ പണിചെയ്യപ്പെട്ടിരുന്ന കുടിലുകളും സാധാരണ കാറ്റുകളെപ്പോലും ജയിക്കുന്നവയായിരുന്നില്ല. ആ സ്ഥിതിക്കു്, ചക്രവാതാക്രമണംമൂലം അവിടെ ഉണ്ടാവുന്ന നഷ്ടം ഊഹിക്കപ്പെടാമല്ലോ. ഈ ദാരുണസ്ഥിതി നാട്ടുകാർക്കു് സംഭവിക്കാതിരിക്കുവാൻ ഡാമിയൻ പ്രയോഗിച്ച കൗശലം, അവിടത്തെ ഭവനങ്ങളെ ഉറപ്പുള്ളവയാക്കിത്തീർക്കുക തന്നേയായിരുന്നു. പുതിയ ഗൃഹങ്ങൾ പണികഴിപ്പിക്കുന്നതിനു് ആവശ്യമുള്ള മരസ്സാമാനങ്ങളും ഇരുമ്പുസാമാനങ്ങളും ഡാമിയൻ സ്വദേശത്തുനിന്നു വരുത്തി. ഭവന നിർമ്മാണകലയിൽ അദ്ദേഹത്തിനു തിരെ പരിചയമില്ലായിരുന്നു. എങ്കിലും "ആവശ്യം സൃഷ്ടിയുടെ മാതാവു"

---

1 ചക്രവാതം = ചുഴലിക്കാറ്റു്

എന്ന തത്വം അനുസരിച്ചു ഡാമിയൻ പ്രസ്തുതകലയിലും ഗണ്യമായ പരിചയം പ്രായോഗികമായി സമ്പാദിച്ചു. നാട്ടുകാരിൽ വേണ്ട ശരീരശക്തിയുള്ളവരെ അദ്ദേഹം പുരപണിയുന്ന വിധങ്ങളിൽ പരിചിതരാക്കി. ഇങ്ങനെ [1] വാതാക്രമണത്താൽ നശിച്ചുപോകുന്ന കുടിലുകളുടെ സ്ഥാനത്തു് പുതിയതരം ഉറപ്പുള്ള ഭവനങ്ങളും പൊങ്ങിത്തുടങ്ങി. അതിനാൽ, അവിടങ്ങളിൽ ഉപദ്രവകാരിയായി ബാധിച്ചുപോന്ന ചുഴലിക്കാറ്റു തന്നേയും ഉത്തമഗൃഹങ്ങളുടെ നിർമ്മിതിക്കു കാരണമായി ഭവിക്കുകയാൽ ഉപകാരകാരകമായിത്തീർന്നതേയുള്ളൂ.

ഡാമിയൻ മൊലോക്കായ് ദ്വീപിൽ നിവസിച്ചുപോന്ന പതിനൊന്നു വർഷങ്ങൾക്കുള്ളിൽ എത്രയെല്ലാം പരിഷ്കാരങ്ങളാണു്, എത്ര മഹത്തായ ഉപകാരങ്ങളാണു് രോഗികളുടെ ശ്രേയസ്സിനു വേണ്ടി നിർവഹിക്കുകയുണ്ടായതു് എന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണു്. അവിടെയുണ്ടായിരുന്ന ചെറുബാലന്മാരെയെല്ലാം അദ്ദേഹം [2] തച്ചുപണി അഭ്യസിപ്പിച്ചു. അദ്ദേഹം തന്നെ മാർഗ്ഗദർശകനായി നിന്നു് നല്ലതരം തടികൾ തിരഞ്ഞെടുക്കേണ്ടവിധം, ഭവന നിർമ്മിതി നിർവ്വഹി

---

1 വാതാക്രമണം=കാറ്റിന്റെ ആക്രമണം

2 തച്ചുപണി=മരവേലചെയ്യുക

ക്കേണ്ട വിധം, എന്നിവയെപ്പറ്റി വേണ്ട അറിവുകൾ ജനസാമാന്യത്തിനു നൽകിപ്പോന്നു. ഈ ഉദ്യമങ്ങളു ടെ ഫലമായി, ആ ദ്വീപിൽ ഒരു ക്രൈസ്തവ ദേവാലയം, പള്ളിക്കൂടം, [1] ആതുരശാല എന്നീ സ്ഥാപനങ്ങൾ ഉണ്ടാവുകയും ചെയ്തു. കുഷ്ഠരോഗത്താൽ സങ്കടപ്പെട്ട ആതുരശാലകളെ അഭയം പ്രാപിച്ചു പോന്ന ഭാഗ്യഹീ നരെ അദ്ദേഹം, കഴിയുംവിധത്തിലൊക്കെ ശുശ്രൂഷിച്ചു. മരണാധീനയായ പലർക്കും അദ്ദേഹത്തിന്റെ സമാധാ നകരങ്ങളും സംതൃപ്തിദ്യോതകങ്ങളും ആയ വാക്കുകൾ മനഃശാന്തിനൽകി. അദ്ദേഹത്തിന്റെ നിവാസകാലത്തു പ്രതിദിവസം ഓരോ രോഗി മൃതിയടഞ്ഞിരുന്നു. ഈ അപ്രതിഹതമായ സ്ഥിതിഭേദത്തിൽ അദ്ദേഹം നിസ്സ ഹായനും നിരാശനും ആയി സ്ഥിതിചെയ്തുപോയിട്ടുണ്ട്. എങ്കിലും അദ്ദേഹത്താൽ കഴിയും വിധത്തിലുള്ള അന്ത്യ ശുശ്രൂഷകൾക്ക് ഇടയാക്കാതെ ആരേയും അദ്ദേഹം മൃത്യുമുഖത്തിനു ഇരയാക്കിയിരുന്നില്ല. ആവശ്യമുള്ള പോലെ എല്ലാരോഗികൾക്കും ഔഷധങ്ങൾ, തൈല ങ്ങൾ കുഴമ്പുകൾ മുതലായവ അദ്ദേഹം തന്നെ പാകം ചെയ്യിച്ചു വരുത്തി രോഗികളുടെ വേദന കുറയ്ക്കുവാൻ നിരന്തരം നൽകിപ്പോന്നു. ഈ സഹായങ്ങൾ ഏതിനേ യുംകാൾ മുന്നിട്ടു നിന്നിരുന്നതു് രോഗികളുടെ മൃതിഘട്ട

---

1 ആതുരശാല=ആശുപത്രി

ങ്ങളിൽ അദ്ദേഹം അവക്കു നൽകിപ്പോന്ന സമാശ്വാസനമായിരുന്നു. രോഗാർത്തന്മാരുടെ വ്രണങ്ങളും കഴുകി ശുദ്ധിവരുത്തുക, അവക്കു ആവുംപോലെ ഔഷധവിതരണം ചെയ്യുക, ശുദ്ധവായു, ശുദ്ധജലം എന്നിവ ലഭിക്കുവാൻ വേണ്ട സൗകര്യങ്ങളും ഉണ്ടാക്കുക, വാസഭവനങ്ങളും ഉറപ്പും വൃത്തിയും ക്രമീകരിക്കുവാൻ വേണ്ടസഹായങ്ങളും ചെയ്യുക എന്നിങ്ങനെ മനുഷ്യസമുദായത്തോടു്, വിശേഷിച്ചു് [1]രോഗാർത്തരോടു് അത്യന്തം അനുകമ്പാപരമായ വിധത്തിൽ ഡാമിൽ ഒരു ദൈവദൂതനും സാദ്ധ്യമല്ലാത്ത മട്ടിൽ ആത്മജനസംരക്ഷണവും ശുശ്രൂഷയും നിർവ്വഹിച്ചുപോന്നു.

ഇപ്രകാരം പതിനൊന്നു ദീർഘവർഷങ്ങളും കഴിച്ചുകൂട്ടിയെങ്കിലും ഫാദർഡാമിയൻഅരോഗദൃഢഗാത്രനായിത്തന്നെ ജീവിതം നയിച്ചുപോന്നു. എന്നാൽ ഏറെത്താമസിയാതെ അദ്ദേഹം മഹാഭയങ്കരിയായ കുഷ്ഠരോഗപിശാചിയുടെ ആക്രമണത്തിനു അധീനനായി എന്നകഥ എത്ര മർമ്മഭേദകമാണു്! ഈ കഷ്ടസ്ഥിതി വന്നുചേരുന്നതിനു മുമ്പുള്ള കാലങ്ങളിൽ അദ്ദേഹത്തിനു മൊലോക്കോയുടെ സമീപം സ്ഥിതിചെയ്തിരുന്ന മറ്റു

---

1 രോഗാർത്തന്മാർ=രോഗ പീഡിതന്മാർ

ദ്വീപുകളിൽ യഥേഷ്ടം സഞ്ചരിക്കാമായിരുന്നു. എന്നാൽ അദ്ദേഹവും രോഗിയായിത്തീർന്നതോടുകൂടി മറ്റു പല മഹാഭാഗ്യങ്ങൾക്കൊപ്പം അന്യദേശഗമനവും അദ്ദേഹത്തിനു അലഭ്യമായി. എന്നാൽ അദ്ദേഹം കഷ്ടബാധിതനായി എങ്കിലും സ്വാഭാവികമായ മനഃപ്രസന്നത തീരെ ഉപേക്ഷിക്കുകയുണ്ടായില്ല. അതേവരെ 'സഹോദരരെ' എന്നു വിളിക്കപ്പെട്ടപോന്ന രോഗാർത്തരുടെക്രൂട്ടത്തിൽ അദ്ദേഹവും ഒരാളായതുമുതൽക്കു എല്ലാപേരേയും കൂട്ടി 'നാം' എന്ന പദംകൊണ്ടു [1] അഭിസംബോധനം ചെയ്യുവാൻ നല്ല ഒരവസരം കിട്ടി എന്നു അദ്ദേഹം അഭിമാനിച്ചുവത്രേ!

1889-ാം വർഷമായതോടുകൂടി ഡാമിയന്നു് ഐഹികജീവിതത്തിലുള്ള ആശ നിശ്ശേഷം അസ്തമിച്ചു. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ജീവിതാന്ത്യദിവസം ഒരു [2] രവിവാരമായിരുന്നു. താൻ ഒരു ജനശ്രുശ്രൂഷകനാണെന്നും ആ മഹൽ കൃത്യം തന്നാൽ കഴിയുംവിധം നിറവേറ്റി ലോകത്തെ വിട്ടുപോകുന്നുവെന്നും അദ്ദേഹം

---

1 അഭിസംബോധനം ചെയ്യുക=വിളിക്കുക.

2 രവിവാരം=ഞായറാഴ്ച

മരണസമയത്ത് അത്യന്താ സംതൃപ്തനായി പ്രസ്താവിക്കുകയുണ്ടായി. താൻ മൊലോക്കായ് ഗ്രാമത്തിൽ ആദ്യം പ്രവേശിച്ച ദിവസം ഏതൊരുവൃക്ഷച്ചുവടാണോ നിശാശയ്യയാക്കി സ്വീകരിച്ചു, ആ തരുമൂലത്തിൽതന്നെ അദ്ദേഹത്തിന്റെ ശരീരം യഥായോഗ്യം സംസ്കരിക്കപ്പെട്ടു.

ചോദ്യങ്ങൾ

1. മൊലോക്കായ് നഗരത്തിലെ രോഗികളുടെദയനീയ നിലയെ വ്യക്തമാക്കുക.
2. രോഗനിവാരണത്തിനായി ഡാമിയൻ സ്വീകരിച്ചമാർഗ്ഗങ്ങൾഎന്തെല്ലാം?
3. ഡാമിയന്റെ അന്ത്യഘട്ടത്തെ വിവരിക്കുക?



അഭിപ്രായങ്ങൾ

"ബാലഹൃദയങ്ങളിൽ സഹജമായ അനുതാപവും ജിജ്ഞാസയും വളർത്തി, അവരുടെ വിജ്ഞാനസംസ്കാരങ്ങളെ വികസിപ്പിച്ചു കൊണ്ടുവരുവാൻ പര്യാപ്തമായ രീതിയിലും ഭാഷയിലും രചിച്ചിട്ടുള്ള ഈ ഗ്രന്ഥങ്ങൾ നമ്മുടെ സാഹിത്യത്തിന്റെ അനർഘമായ സമ്പത്താണ്."

മഹാകവി, ജി. ശങ്കരക്കുറുപ്പ്.

* * * *

"വളർന്നുവരുന്ന പുരുഷന്മാർ അവശ്യം അറിഞ്ഞിരിക്കേണ്ട വിവിധ വിഷയങ്ങളെക്കുറിച്ചു് ലളിതവും സുഗമവുമായ ശൈലിയിൽ എഴുതിയിട്ടുള്ള ഈ ഗ്രന്ഥപരമ്പര അധ്യാപകന്മാർക്കും അദ്ധ്യാകരിക്കും ഒരുപോലെ അനുഗ്രഹമായിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു."

എൻ. ഗോപാലപിള്ള എം. എ.
പ്രിൻസിപ്പൽ, രാജകീയ സംസ്കൃതകോളേജ്,
തിരുവനന്തപുരം.

* * * *

"ഈ ഗ്രന്ഥങ്ങളുടെ രചനയിൽ, ഓരോ ഘട്ടത്തിലുമുള്ള ശിശുമനഃശാസ്ത്രജ്ഞരുടെ മനോവികാസം, താല്പര്യങ്ങൾ, ഭാഷാസ്വാധീനത മുതലായവയെല്ലാം ഔചിത്യപൂർവം പരിഗണിച്ചിട്ടുണ്ടെന്നു കണ്ടപ്പോൾ എനിക്കു വലിയ സന്തോഷം തോന്നി. ഭാഷയുടെ ശ്രേണീകരണത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള ഔചിത്യമാണു പ്രശംസാർഹം തന്നെ. ബാലസാഹിത്യഗ്രന്ഥങ്ങൾ രചിക്കുന്ന ഗ്രന്ഥകാരന്മാർ നിങ്ങളെ അനുകരിച്ചെങ്കിൽ!"

എം. രാമകൃഷ്ണൻനായർ എം. എ. എൽ. ടി.
മലയാളമുഖ്യാധ്യക്ഷൻ, മഹാരാജാസ് കോളേജ്,
തിരുവനന്തപുരം.